25
2024
മേയ്
ശനി
ഇടവം 11

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.193 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-193 | പേജ് 4. വില 2.00 രൂപ








02 ഡിസിസി ഭാരവാഹികളുടെ പട്ടികയിൽ 60 ശതമാനം പുതുമുഖങ്ങൾ വരും

03 വയോജന പരിപാലന മേഖലയിൽ ഇടപെടലുകൾ ശക്തമാക്കും : മന്ത്രി ഡോ. ആർ ബിന്ദു

04 ബീച്ച് കോറിഡോർ പദ്ധതി: നിർവഹണ ഏജൻസി മുങ്ങി, ഒപ്പം പദ്ധതിയും


# ആദ്യ വാണിജ്യ കപ്പൽ സെപ്റ്റംബറിൽ, പുലിമുട്ട് നിർമാണം പൂർത്തിയായി

തിരുവനന്തപുരം : രാജ്യത്തെ ഏറ്റവും ആഴമുള്ള ട്രാൻസ്ഷിപ്മെന്റ് തുറമുഖം എന്നു വിശേഷിപ്പിക്കാവുന്ന വിഴിഞ്ഞം രാജ്യാന്തര തുറമുഖം സെപ്റ്റംബറിൽ വാണിജ്യ പ്രവർത്തനം ആരംഭിക്കാനിരിക്കെ, നിർമാണജോലികൾ ത്വരിതപ്പെടുത്താൻ സർക്കാർ. ആദ്യഘട്ട ബ്രേക്ക്വാട്ടർ (പുലിമുട്ട്) നിർമാണം പൂർണമായെന്നും ചൈനയിൽനിന്നു വരേണ്ട 32 ക്രെയിനുകളിൽ 31 എണ്ണം വന്നുവെന്നും തുറമുഖ മന്ത്രി വി.എൻ.വാസവൻ പറഞ്ഞു. ജൂൺ അവസാനത്തോടെ ട്രയൽറൺ നടത്തും. അദാനി ഗ്രൂപ്പിനുള്ള ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ വേഗത്തിലാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. റെയിൽ കണക്ടിവിറ്റി സുഗമമാക്കാൻ കൊങ്കൺ റെയിൽവേയുമായി ചർച്ച നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റിക്ക് ദേശീയപാതാ അതോറിറ്റിയുമായി ധാരണയായെന്നും മന്ത്രി പറഞ്ഞു.



റോഡ്, റെയിൽ കണക്ടിവിറ്റി പൂർണമായി സജ്ജമായിട്ടില്ലെങ്കിലും ട്രാൻസ്ഷിപ്മെന്റ് തുറമുഖമായുള്ള പ്രവർത്തനങ്ങൾ സജീവമായി നടത്താൻ കഴിയും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ചെറുയാനങ്ങളിലും കപ്പലുകളിലും എത്തുന്ന ചരക്കുകളും കണ്ടെയ്നറുകളും വിഴിഞ്ഞത്തു വച്ച് വലിയ മദർഷിപ്പുകളിലേക്ക് മാറ്റി വിദേശ തുറമുഖങ്ങളിലേക്ക് കൊണ്ടുപോകാനാകും. വിദേശത്ത് നിന്നുള്ള ചരക്കുകളും വിഴിഞ്ഞത്ത് എത്തിച്ച് മറ്റ് ഇടങ്ങളിലേക്ക് അതിവേഗം മാറ്റാനുമാകും.

രാജ്യത്ത് ആദ്യത്തെ ട്രാൻസ്ഷിപ്മെന്റ് തുറമുഖമായി ഷിപ്പിങ് മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതോടെ വിഴിഞ്ഞത്ത് കസ്റ്റംസ് ഓഫിസ് ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനം വൈകാതെ ആരംഭിക്കും. 3 മാസത്തിനകം സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസിന്റെ അനുമതി ലഭിക്കുമെന്നാണു പ്രതീക്ഷ. ഇതോടെ വിദേശ കപ്പലുകൾക്കും നാവികർക്കും വിഴിഞ്ഞത്ത് എത്തിച്ചേരാനാകും. വിദേശ ഷിപ്പിങ് കമ്പനികൾക്കും വിഴിഞ്ഞം കേന്ദ്രീകരിച്ചു പ്രവർത്തനം നടത്താനാകും.

പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങളുടെ പാരിസ്ഥിതിക അനുമതി നേടുന്നതിനായി സർക്കാർ നടപടികൾ ആരംഭിച്ചു. ബ്രേക്ക്വാട്ടർ (പുലിമുട്ട്), ബെർത്ത്, യാർഡ് എന്നിവയുടെ വിപുലപ്പെടുത്തൽ ഉൾപ്പെടെയാണിത്. പാരിസ്ഥിതിക അനുമതി ലഭിച്ചാൽ മാത്രമേ 9,540 കോടി രൂപ ചെലവു വരുന്ന ഈ ഘട്ടവുമായി മുന്നോട്ടുപോകാൻ അദാനി ഗ്രൂപ്പിന് കഴിയൂ. 8 വലിയ ക്രെയിനുകൾ ഉൾപ്പെടെ 31 ക്രെയിനുകളും സ്ഥാപിക്കുകയും പുലിമുട്ട് നിർമാണം അവസാനഘട്ടത്തിലെത്തുകയും ചെയ്തതോടെ അടുത്ത മാസം ട്രയൽ റൺ നടത്താനാണ് പദ്ധതി. ആദ്യ വാണിജ്യ കപ്പൽ സെപ്റ്റംബറിൽ തുറമുഖത്ത് എത്തുമെന്നാണു കരുതുന്നത്.

രണ്ടും മൂന്നും ഘട്ടങ്ങളുടെ പാരിസ്ഥിതിക അനുമതി നേടുന്നതിന്റെ ഭാഗമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജൂൺ 19 ന് വിഴിഞ്ഞത്ത് പബ്ലിക് ഹിയറിങ് സംഘടിപ്പിച്ച് പൊതുജനാഭിപ്രായം തേടും. കോട്ടുകൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽനിന്നുള്ളവരെയാണ് ഹിയറിങ്ങിനു ക്ഷണിക്കുക. വിഴിഞ്ഞത്തിനു സമീപം കല്ലുവെട്ടുകുഴിയിലെ ഹാളിലാണ് ഹിയറിങ്.

മലിനീകരണം സംബന്ധിച്ചും മണ്ണ്, ശബ്ദം, വെള്ളം എന്നിവ ഉൾപ്പെടെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ചു നാട്ടുകാർക്ക് അഭിപ്രായം രേഖാമൂലം അറിയിക്കാം. തുടർന്ന് ഹിയറിങ്ങിന്റെ റിപ്പോർട്ട് ഉൾപ്പെടെ കേന്ദ്രത്തിനു സമർപ്പിക്കും.

## അവയവക്കച്ചവട റാക്കറ്റ്: മുഖ്യകണ്ണി ഇറാനിലെ മലയാളി ഡോക്ടർ; കേരളത്തിലുള്ള ബന്ധുക്കൾ നിരീക്ഷണത്തിൽ

കൊച്ചി : രാജ്യാന്തര അവയവക്കച്ചവട റാക്കറ്റ് കോവിഡിനു മുൻപും കേരളത്തിൽനിന്നുള്ള അതിഥിത്തൊഴിലാളികളെ 20 ലക്ഷം രൂപ വരെ വാഗ്ദാനം ചെയ്തു തുർക്കി, ഇറാൻ എന്നിവിടങ്ങളിലേക്കു കടത്തി. ഹൈദരാബാദ് കേന്ദ്രീകരിച്ചു 'സാന്റി സിൻഡിക്കറ്റ്' എന്ന പേരിൽ കുപ്രസിദ്ധമായ മനുഷ്യക്കടത്തു സംഘമാണ് ഇതിനു പിന്നിൽ.

2017 ൽ കേരളത്തിൽനിന്നു റാക്കറ്റ് കടത്തിയ 22 അതിഥിത്തൊഴിലാളികൾ മടങ്ങി എത്തിയിട്ടില്ല. ഇവരുടെ ആധാർകാർഡ് അടക്കമുള്ള രേഖകൾ വ്യാജമായതിനാൽ യഥാർഥ വിലാസം കണ്ടെത്താനും കഴിഞ്ഞിട്ടില്ല. കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ ശനിയാഴ്ച രാത്രി പിടിയിലായ കൊടുങ്ങല്ലൂർ വലപ്പാട് സ്വദേശി സബിത്തിന്റെ മൊഴികളിലാണു 'സാന്റി സിൻഡിക്കറ്റിന്റെ' സൂചനയുള്ളത്.സബിത്തിന്റെ ചോദ്യം ചെയ്യൽ പൂർത്തിയാക്കിയ ശേഷം അന്വേഷണ സംഘം ഹൈദരാബാദിലേക്കു തിരിക്കും.

സിൻഡിക്കറ്റിനെ നയിച്ചിരുന്ന റോഹൻ മാലിക്ക് (സാന്റി), കൂട്ടാളികളായ അമരീഷ് പ്രതാപ്, റിതിക ജയ്സ്വാൾ (റിങ്കി) എന്നിവരെ ഹൈദരാബാദ് പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

ഡോ. റിതിക സിങ് എന്ന വ്യാജപ്പേരിൽ കേസിലെ മൂന്നാം പ്രതി റിതിക ജയ്സ്വാളാണ് ഇരകളുമായി ആശയവിനിമയം നടത്തിയിരുന്നത്. തുർക്കിയിലേക്കു മനുഷ്യക്കടത്ത് നടത്തിയ 'സാന്റി സിൻഡിക്കറ്റ്' ജയിലിലായതോടെയാണു രാജ്യാന്തര അവയവക്കച്ചവട റാക്കറ്റ് പുതിയ ഏജന്റിനെ നിയോഗിച്ച് ഇറാനിലേക്കു മനുഷ്യക്കടത്ത് ആരംഭിച്ചതെന്നാണ് കേന്ദ്ര അന്വേഷണ ഏജൻസികളുടെ പ്രാഥമിക നിഗമനം.

സബിത്ത് ഇടനിലക്കാരനായി കടത്തിയതായി സമ്മതിച്ച 20 പേരുടെ അവയവങ്ങൾ നീക്കിയ ഇറാനിലെ ആശുപത്രിയിൽ നിന്ന് ഇവരുടെ വിവരങ്ങൾ ശേഖരിക്കാൻ ന്യൂഡൽഹിയിലെ ഇറാൻ എംബസിയുടെ സഹായം തേടും. അവയവ റാക്കറ്റിന്റെ മുഖ്യകണ്ണിയായ ഇറാനിലെ മലയാളി ഡോക്ടറെക്കുറിച്ച് അന്വേഷണ സംഘത്തിനു സൂചന ലഭിച്ചിട്ടുണ്ട്. ഇയാൾ ഇറാനിൽ ഉപയോഗിച്ചിരുന്ന 2 ഫോൺ നമ്പറുകളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ ഡോക്ടറുടെ കേരളത്തിലുള്ള ബന്ധുക്കളും നിരീക്ഷണത്തിലാണ്.




**ലോക രാജ്യങ്ങളുടെ മാരിടൈം ലോ അസോസിയേഷനുകളുടെ സ്വീഡനിൽ നടന്ന സമ്മേളനത്തിൽ, ഇന്ത്യയെ പ്രതിനിധീകരിച്ചു കേരള ഹൈക്കോടതി സിനിയർ അഡ്വക്കേറ്റും, കേരള മാരിടൈം ബോർഡ് മുൻ ചെയർമാനുമായ അഡ്വക്കേറ്റ് വി.ജെ മാത്യു പങ്കെടുക്കുന്നു**

## സച്ചിൻദേവിനെതിരെ ജാതി അധിക്ഷേപം നടത്തിയെന്ന കേസ്: ജയശങ്കറിന്റെ അറസ്റ്റ് തടഞ്ഞ് ഹൈക്കോടതി

കൊച്ചി : സച്ചിൻദേവ് എംഎൽഎയ്ക്കെതിരെ ജാതി അധിക്ഷേപം നടത്തിയെന്ന കേസിൽ രാഷ്ട്രീയ നിരീക്ഷകനായ അഡ്വ.എ.ജയശങ്കറിനെ ഒരു മാസത്തേക്ക് അറസ്റ്റ് ചെയ്യരുതെന്നും അദ്ദേഹം അന്വേഷണത്തോട് സഹകരിക്കണമെന്നും ഹൈക്കോടതി. ബസ് ഡ്രൈവറും മേയർ ആര്യ രാജേന്ദ്രനുമായി വാക്കുതർക്കമുണ്ടായ വിഷയത്തിൽ ജയശങ്കർ ഒരു യുട്യൂബ് ചാനലിൽ അഭിപ്രായ പ്രകടനം നടത്തിയിരുന്നു. ഇതിൽ സച്ചിൻ ദേവിനെ ജാതിയുമായി ബന്ധപ്പെടുത്തി പരാമർശം നടത്തി എന്ന പരാതിയിലാണ് മ്യൂസിയം പൊലീസ് കേസെടുത്തത്. പട്ടികജാതി പട്ടികവർഗ പീഡന നിരോധന നിയമപ്രകരമാണ് സച്ചിൻദേവിന്റെ പരാതിയിൽ കേസെടുത്തത്. ഇതിനെതിരെ ജയശങ്കർ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

## കാർലോസ് അക്യൂട്ടിസ് ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ മെയ് 24, 25, 26 തീയതികളിൽ

# നല്ല സിനിമകൾ മൂല്യ അപചയത്തെ പ്രതിരോധിക്കും: ആർച്ച് ബിഷപ്പ് തോമസ് ജെ നെറ്റോ

ധാർമിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന സിനിമകൾ സമൂഹത്തിൽ കൃത്യമായ സ്വാധീനം ചെലുത്തും സാമൂഹ്യതിന്മകൾക്കെതിരെ പ്രതിരോധം ഉയർത്താൻ നല്ല സിനിമകളുടെ കടന്നുവരവ് സഹായകരമാകും.

അരാജകത്വവും അസ്വസ്ഥജനകവുമായ അന്തരീക്ഷത്തിൽ സമാധാനവും സുസ്ഥിതിയും സംജാതമാകാൻ നല്ല സിനിമകളുടെ പ്രചാരണം സാധ്യമാകുമെന്ന് ഡോക്ടർ തോമസ് നെറ്റോ പ്രസ്താവിച്ചു.

ഒന്നാമത് കാർലോ അട്ടിസ് ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ പാളയം സെൻറ് ജോസഫ് കത്തീഡ്രൽ പാരിഷ് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ആർച്ച് ബിഷപ്പ് സിനിമ നിരൂപകനും തിരക്കഥാകൃത്തുമായ ഫാദർ ഡാനി കപ്പച്ചൻ ഉദ്ഘാടന യോഗത്തിൽ അധ്യക്ഷനായിരുന്നു. ഡോക്ടർ ലോറൻസ് കുലാസ്, മോൺ.വിൽഫ്രഡ് ഫാദർ ജെറോം അമൃതയൻ, ഫാദർ ദീപക് ആന്റോ, മനോജ് ആന്റോ, ഇഗ്നേഷ്യസ് തോമസ് എന്നിവർ സംസാരിച്ചു. മെയ് 24, 25, 26 തീയതികളിലായി നടക്കുന്ന ഫെസ്റ്റിവലിൽ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ 15 ഓളം ചിത്രങ്ങൾ പ്രദർശിപ്പിക്കും.

പാളയം ഫെറോനാ മതബോധന കമ്മീഷൻ, തിരുവനന്തപുരം അതിരൂപത മീഡിയ കമ്മീഷൻ, ഹെറിറ്റേജ് കമ്മീഷൻ, സിഗ്നസ് ഇന്ത്യ കെ സി എസ് എൽ എന്നീ സംഘടനകളുടെ സഹകരണത്തോടെയാണ് മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഫെസ്റ്റിവൽ സംഘടിപ്പിച്ചിരിക്കുന്നത്. ഫെസ്റ്റിവലിനോട് അനുബന്ധിച്ച് പുസ്തകമേളയും ഫുഡ് കോർട്ട് കോട്ടും സംഘടിപ്പിച്ചിട്ടുണ്ട്.






# ഡിസിസി ഭാരവാഹികളുടെ പട്ടികയിൽ 60 ശതമാനം പുതുമുഖങ്ങൾ വരും

കോഴിക്കോട്: ഡിസിസി ഭാരവാഹികളുടെ പട്ടികയിൽ 60 ശതമാനം പുതുമുഖങ്ങളെ ഉൾപ്പെടുത്താൻ കോൺഗ്രസ് നേതൃത്വം ആലോചിക്കുന്നു. ജില്ലയിലെ മുതിർന്ന നേതാക്കളുമായി കൂടിക്കാഴ്ചകൾ പൂർത്തിയാക്കി വൈകാതെ കെപിസിസിയുടെ അനുമതിയോടെ പട്ടിക പ്രസിദ്ധീകരിക്കാനുള്ള ഒരുക്കത്തിലാണ് ഡിസിസി നേതൃത്വം.

ഡിസിസി വൈസ് പ്രസിഡൻറുമാർ, ജനറൽ സെക്രട്ടറിമാർ, ട്രഷറർ, നിർവാഹക സമിതി അംഗങ്ങൾ എന്നീ സ്ഥാനങ്ങളിലേക്കാണ് ഭാരവാഹികളെ കണ്ടെത്തേണ്ടത്. ഭാരവാഹികളായി 41 പേരെയും നിർവാഹക സമിതി അംഗങ്ങളായി 50 പേരെയുമാണ് നിയമിക്കുക.

ബ്ലോക്ക് പ്രസിഡൻറ് സ്ഥാനത്തുനിന്ന് ഒഴിവായ നേതാക്കളെ ഡിസിസി ഭാരവാഹികളായി പരിഗണിക്കുന്നുണ്ട്. ജില്ലാ ഭാരവാഹിത്വം ലഭിക്കാത്തവരെ നിർവാഹക സമിതിയിൽ ഉൾപ്പെടുത്തും. യൂത്ത് കോൺഗ്രസ് സംസ്ഥാന ഭാരവാഹിത്വമൊഴിഞ്ഞ നേതാക്കളെ തെരഞ്ഞെടുപ്പ് സമയത്ത് ഡിസിസി ഭാരവാഹികളായി നിയമിച്ചിരുന്നു.

ഇവർക്ക് പുതിയ പട്ടികയിലും ഇടം ലഭിച്ചേക്കും. എ, ഐ ഗ്രൂപ്പുകൾക്ക് പുറമെ ടി. സിദ്ദീഖ് നേതൃത്വം നൽകുന്ന വിഭാഗവും കെ. സി വേണുഗോപാൽ വിഭാഗവും വെവ്വേറെ പട്ടിക തയാറാക്കി നേരത്തെ നൽകിയിരുന്നു. ഒരുവർഷം മുമ്പ് തയാറാക്കിയ പട്ടികയിൽ മാറ്റം വരുത്തിയാകും അന്തിമ പട്ടിക തയാറാക്കുക. ഗ്രൂപ്പ് സമവാക്യങ്ങൾക്കൊപ്പം സാമുദിയായിക സന്തുലനവും പട്ടികയിൽ ഉറപ്പുവരുത്തേണ്ടിവരും.

പ്രവർത്തന മികവ് പുലർത്താത്തവരെ ഒഴിവാക്കി പുതിയ ഭാരവാഹികളെ നിയമിക്കാനാണ് തീരുമാനം. യുവാക്കൾക്കും വനിതകൾക്കും കൂടുതൽ പ്രാതിനിധ്യം നൽകും. ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രവർത്തന രംഗത്തുനിന്ന് വിട്ടുനിന്നവരെ ഒഴിവാക്കും. ചേവായൂർ സർവിസ് സഹകരണ ബാങ്ക് വിഷയത്തിൽ ജില്ലാ കോൺഗ്രസ് നേതൃത്വവുമായി ഇടഞ്ഞുനിൽക്കുന്നവരെയും ഉൾപ്പെടുത്തില്ല.

ഇവർക്കുവേണ്ടി ആരു ശുപാർശ ചെയ്താലും അംഗീകരിക്കാൻ കഴിയില്ലെന്ന നിലപാടിലാണ് ജില്ലാ നേതൃത്വം. കഴിഞ്ഞ ദിവസം ചേർന്ന ഡിസിസി നേതൃയോഗത്തിൽ നിലവിലുള്ള ഭാരവാഹികളുടെ പ്രവർത്തന റിപ്പോർട്ട് ബ്ലോക്ക് പ്രസിഡൻറുമാരിൽ നിന്ന് ആവശ്യപ്പെട്ടിരുന്നു. റിപ്പോർട്ട് നൽകാത്ത ബ്ലോക്ക് പ്രസിഡൻറുമാരോട് അടുത്ത ദിവസം തന്നെ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ആഴ്ചയാണ് ഡിസിസി ഭാരവാഹികളുടെ പട്ടിക ഉടൻ തയാറാക്കി അയക്കണമെന്ന് കെപിസിസി ആവശ്യപ്പെട്ടത്.

കെ. സി. അബു ഡിസിസി പ്രസിഡൻറായിരിക്കുമ്പോഴുള്ള ഭാരവാഹികളാണ് ഇപ്പോഴും തുടരുന്നത്. ഇതിന് ശേഷം ടി. സിദ്ദീഖ്, യു. രാജീവൻ, കെ. പ്രവീൺകുമാർ എന്നിവർ പ്രസിഡൻറുമാരായി വന്നെങ്കിലും പഴയ ഭാരവാഹികൾ തന്നെ തുടരുകയായിരുന്നു. പ്രവീൺകുമാർ പ്രസിഡൻറായ ശേഷം ബ്ലോക്ക്, മണ്ഡലം തലത്തിൽ പുനഃസംഘടന പൂർത്തിയാക്കി.

# പെരിയാറിൽ വീണ്ടും രാസമാലിന്യം; മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങി

കൊച്ചി: കോതാട്, ചേരാനെല്ലൂർ മേഖലയിലെ പെരിയാറിൻറെ കൈവഴിയിൽ രാസമാലിന്യങ്ങൾ വലിയതോതിൽ കലർന്നതോടെ പെരിയാറിൽ വീണ്ടും മത്സ്യക്കുരുതി. തിങ്കളാഴ്ച രാത്രിയോടെ പുഴയിൽ നിന്ന് അസഹനീയമായ ദുർഗന്ധം ഇരുകരയിലേയും പ്രദേശവാസികൾക്ക് അനുഭവപ്പെട്ടു. ഇന്നലെ പുലർച്ചയോടെയാണ് മത്സ്യങ്ങൾ കൂട്ടത്തോടെ ചത്ത് പൊങ്ങിയത്.

ഏലൂരിലെയും എടയാറിലേയും വ്യവസായ ശാലകളിൽ നിന്ന് പുറന്തള്ളുന്ന രാസമാലിന്യം വലിയതോതിൽ ഒഴുകിയെത്തിയതാണ് മത്സ്യക്കുരുതിക്ക് കാരണമെന്നാണ് മത്സ്യകർഷകരുടെയും പ്രദേശവാസികളുടെയും ആരോപണം.

നേരത്തെയും ഇത്തരത്തിൽ മത്സ്യങ്ങൾ ചത്തുപൊങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. പെരിയാറിലെ തീരങ്ങളിൽ സ്വകാര്യ വ്യക്തികൾ നടത്തുന്ന കൂടുകൃഷിയിലെ മത്സ്യക്കുഞ്ഞുങ്ങളും ചത്തുപൊങ്ങിയവയിലുണ്ട്. പാതാളം ബണ്ട് മുതൽ പനമ്പുകാട് വരെയുള്ള ഭാഗങ്ങളിൽ പത്തോളം കൂടുകൃഷികളാണുള്ളത്. ഇവിടെയെല്ലാമായി ലക്ഷക്കണക്കിന് മത്സ്യക്കുഞ്ഞുങ്ങളാണ് ചത്തുപൊങ്ങിയത്.

ഡിസംബറിൽ വിളവെടുക്കുന്നതിനായി പാതി വളർന്ന മത്സ്യക്കുഞ്ഞുങ്ങളായിരുന്നു ഇവ. മത്സ്യങ്ങൾ ചത്തുപൊങ്ങിയതോടെ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണ് മത്സ്യകർഷകർക്ക് സംഭവിച്ചിരിക്കുന്നത്. ഇതിൽ പലർക്കും ഇൻഷ്വറൻസ് ഇല്ല.

മത്സ്യങ്ങൾ ചത്തുപൊങ്ങിയ കൂട് കൃഷിയിടങ്ങളിൽ സിഎംഎഫ്ആർഐയിലെ ഉദ്യോഗസ്ഥർ സന്ദർശിച്ചു. ചത്ത മീനുകളുടെ സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. മരണകാരണം കണ്ടെത്തുന്നതിനായി ലാബിൽ വിശദമായ പരിശോധന നടത്തും.

പുഴയിലെ മത്സ്യസമ്പത്ത് വലിയതോതിൽ നഷ്ടപ്പെടുന്ന വിധം! മത്സ്യക്കുരുതി സംഭവിക്കുന്നത് അപൂർവമാണെന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നു.

***കടക്കെണി ഭീതിയിൽ മത്സ്യകർഷകർ***

പെരിയാറിലുണ്ടായ മത്സ്യക്കുരുതിക്ക് പിന്നാലെ നഷ്ടങ്ങളുടെ കണക്കുകൾ നിരത്തുകയാണ് കൂടുകൃഷി കർഷകർ. ഒരു വർഷത്തെ ഉറക്കമിളപ്പിനും കഷ്ടപ്പാടുകൾക്കുമൊടുവിൽ ഭേദപ്പെട്ട പ്രതിഫലം പ്രതീക്ഷിച്ച് കൃഷിയിറക്കിയ ഒരു ഡസനോളം വരുന്ന കൂടുകൃഷി കർഷകരാണ് ഏലൂരിലെ വ്യവസായ സ്ഥാപനങ്ങൾ കാരണക്കാരായ മത്സ്യക്കുരുതിയിൽ നഷ്ടങ്ങളുടെ നിലയില്ലാക്കയത്തിലേക്ക് വീണത്. കടം വാങ്ങിയും ലോണെടുത്തും സംരംഭം നടത്തുന്ന ഇവരിൽ പലർക്കും ഇൻഷ്വറൻസില്ലാത്തും ആഘാതത്തിൻറെ തീവ്രത വർധിപ്പിക്കുന്നു.

നാല് മുതൽ 13 വരെ കൂടുകളാണ് ഓരോ കർഷകർക്കുമുള്ളത്. ഇതിൻറെ നിർമാണത്തിനായി വേണം ലക്ഷങ്ങൾ. ഓരോ കൂടിലും നിക്ഷേപിച്ച 1300 ഓളം മത്സ്യക്കുഞ്ഞുങ്ങൾ പാതി വളർച്ച പിന്നിട്ടപ്പോഴായിരുന്നു അപ്രതീക്ഷ തിരിച്ചടിയുണ്ടായത്. ലക്ഷങ്ങൾ മുടക്കിയാണ് ഇവയ്ക്കുള്ള തീറ്റ തയാറാക്കി നൽകുന്നത്. രാത്രിയും പകലെന്നുമില്ലാതെ സൂക്ഷ്മമായ പരിപാലനവും നൽകി.

കൃഷിയിറക്കുന്നതിൻറെ 15 മുതൽ 20 ശതമാനം വരെ നഷ്ടമാകുമെന്ന് പ്രതീക്ഷിച്ചിരുന്നതാണെങ്കിലും മുഴുവൻ മത്സ്യങ്ങളും ചത്തുപൊങ്ങും വിധമൊരു മത്സ്യക്കുരുതി പ്രതീക്ഷിച്ചിരുന്നില്ലെന്ന് കൂടുകൃഷി സംരംഭകരായ ഗ്രാറ്റസ്ജ്യോസ്ന ദമ്പതിമാർ പറയുന്നു.

പ്രധാനമന്ത്രിയുടെ സംരംഭ സഹായ പദ്ധതിവഴി ലഭിച്ച മൂന്ന് ലക്ഷം രൂപയും ലോണുമൊക്കെ ഉപയോഗിച്ചാണ് ഇവർ കൂടുകൃഷി ആരംഭിച്ചത്. ഡിസംബറിൽ വിളവെടുക്കാനിരിക്കുകയായിരുന്നു. ഇതിനിടെ 13 ലക്ഷം രൂപ ചെലവഴിച്ചു.

പൂർണ വളർച്ചയെത്തിയിരുന്നുവെങ്കിൽ ഇരട്ടി വില കിട്ടുമായിരുന്നു. ഇൻഷ്വറൻസ് ഇല്ലാത്തതിനാൽ മുഴുവൻ പണംവും നഷ്ടമാകും. സർക്കാരിൻറെയോ പഞ്ചായത്തിൻറെയോ സഹായം ലഭിച്ചില്ലെങ്കിൽ കടക്കെണിയിലാകുമെന്ന ആശങ്കയിലാണ് തങ്ങളെന്ന് ഇരുവരും പറയുന്നു.

ഇത്തരത്തിൽ പത്തോളം കൂടുകൃഷികളാണ് പാതാളം മുതൽ ചേരാനെല്ലൂർ വരെയുള്ള ഭാഗത്തുള്ളത്. പുഴയിലെ മത്സ്യസമ്പത്ത് പൂർണമായി ഇല്ലാതായതിനാൽ ചീനവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളും പ്രതിസന്ധിയിലായി.

പുഴയിലെ സ്വാഭാവിക മത്സ്യസമ്പത്ത് കൈവരിക്കാൻ കുറഞ്ഞത് രണ്ട് മാസമെങ്കിലും പിടിക്കും. അതുവരെ ഏങ്ങനെ ജീവിക്കുമെന്ന ആശങ്കയിലാണ് മത്സ്യബന്ധ തൊഴിലാളികളും.

# കട്ടപ്പന താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ് രോഗികളെ വലയ്ക്കുന്നു

കട്ടപ്പന: മഴയും പനിയും ശക്തിപ്രാപിച്ചതോടെ കട്ടപ്പന താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ് രോഗികളെ വലയ്ക്കുന്നു. സ്പെഷൽ ഡോക്ടർമാർ അടക്കം 12 പേർ വേണ്ടിടത്ത് ഏഴു ഡോക്ടർമാർ മാത്രമാണ് ആശുപത്രിയിലുള്ളത്. ഡയാലിസിസ് യൂണിറ്റിലെ താത്കാലിക ഡോക്ടർ ജോലി ഉപേക്ഷിച്ചു പോയതോടെ മറ്റ് വിഭാഗങ്ങളിലെ ഡോക്ടർമാർ അധിക ഡ്യൂട്ടി എടുത്ത് യൂണിറ്റ് പ്രവർത്തിപ്പിക്കേണ്ട അവസ്ഥയിലാണ്.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുമെന്ന ആരോഗ്യ മന്ത്രിയുടേതടക്കമുള്ള വാഗ്ദാനനങ്ങൾ പലപ്പോഴായി ലഭിച്ചെങ്കിലും കഴിഞ്ഞ രണ്ടാഴ്ച്ചയായി ജനറൽ ഒപിയും, ദന്ത വിഭാഗവും മാത്രമാണ് കട്ടപ്പന താലൂക്ക് ആശുപത്രിയിൽ തടസമ്മില്ലാതെ പ്രവർത്തിക്കുന്നത്. സ്പെഷാലിറ്റി ഡോക്ടർമാർ ഉണ്ടെങ്കിലും സ്പെഷൽ ഒപികൾ പ്രവർത്തിക്കുന്നില്ല.

ജനറൽ, കാഷ്വാലിറ്റി വിഭാങ്ങളിൽ ഡോക്ടർമാർ ഇല്ലാത്തതിനാൽ ഇവർക്ക് അധിക ഡ്യൂട്ടി എടുക്കേണ്ടി വരുന്നതാണ് സ്പെഷൽ ഒപികൾ തടസപ്പെടുവാൻ കാരണം. നാലു സ്പെഷലിസ്റ്റുകൾ ഉൾപ്പടെ 12 ഡോക്ടർമാരുടെ തസ്തികളാണ് താലൂക്ക് ആശുപത്രിയിൽ ഉള്ളത്.

ആശുപത്രി പ്രാഥമികാരോഗ്യ കേന്ദ്രമായിരുന്ന കാലത്തെ അനുപാതത്തിലുള്ള ജീവനക്കാർ തന്നെയാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ജില്ലയിലെ മറ്റ് താലൂക്ക് ആശുപത്രികളിൽ 25 ഓളം ഡോക്ടർമാരുള്ളപ്പോഴാണ് കട്ടപ്പനയിൽ 12 ഡോക്ടർമാരെ ഉപയോഗിച്ച് പ്രവർത്തിപ്പിക്കേണ്ടി വരുന്നത്.

പനിക്കാലമായതിനാൽ തോട്ടം മേഖലകളിൽ നിന്നുൾപ്പെടെ ദൂരെ സ്ഥലങ്ങളിൽനിന്നുള്ള രോഗികൾ ആശുപത്രിയിൽ എത്തിക്കഴിയുമ്പോഴാണ് ഡോക്ടർമാരില്ലായെന്ന് അറിയുന്നത്.

കാഷ്വാലിറ്റിയിൽ അടക്കം ദിവസേന 750 മുതൽ 800 വരെ രോഗികൾ എത്തുന്നുണ്ട് എന്നാണ് കണക്ക്.

ഇവരിൽ പകുതി ആളുകളും സ്പെഷാലിറ്റി ഡോക്ടർമാരുടെ സേവനം തേടി എത്തുന്നവരാണ്. പീരുമേട് താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റിൻറെ സേവനം ലഭ്യമായിരുന്നെങ്കിലും പിന്നീട് ഇതും നിലച്ചു. ഒരു ശിശുരോഗ വിദഗ്ധൻ വർക്ക്അറേഞ്ച്മെൻറിൽ അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് അടുത്തിടെ പോയതും പ്രതിസന്ധിയായി.

ജീവനക്കാരുടെ അഭാവം മൂലം അധിക ഡ്യൂട്ടി എടുക്കേണ്ടിവരുന്നതിൽ ഡോക്ടർമാർക്കിടയിലും അമർഷമുണ്ട്. മുൻപ് പിജി വിദ്യാർഥികളുടെ സേവനം ലഭ്യമായിരുന്നുവെങ്കിലും പലരും കാലാവധി പൂർത്തിയാക്കി മടങ്ങി. ഇപ്പോഴത്തെ ഒഴിവുകൾ ജില്ലാ മെഡിക്കൽ ഓഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ നടപടി ഉണ്ടായിട്ടില്ല.

## അപകടഭീഷണി ഉയർത്തുന്ന മരം വെട്ടിമാറ്റണമെന്ന ആവശ്യം ശക്തം

കൊരട്ടി: വില്ലേജ് ഓഫീസ് വളപ്പിൽ ഉണങ്ങിയ മരം അപകടഭീഷണി ഉയർത്തുന്നു.

മരം വെട്ടിമാറ്റി ജനങ്ങളുടെ ആശങ്കയകറ്റണമെന്ന ആവശ്യം ശക്തമാവുകയാണ്. വിവിധ ആവശ്യങ്ങൾക്കായി ഒട്ടേറെപേരാണ് ഈ ഓഫീസ് കയറിയിറങ്ങുന്നത്. പഞ്ചായത്ത് ഓഫീസ്, പോസ്റ്റ് ഓഫീസ്, ആയൂർവേദ, ഹോമിയോ ഡിസ്പെൻസറികൾ, കൃഷി ഓഫീസ്, ബാങ്കുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾ ഇതിനു സമീപത്താണ്. ഈ സ്ഥാപനങ്ങളിലെത്തുന്നവരും വില്ലേജ് ഓഫീസിൻറെ കവാടത്തിൽതന്നെ നിൽക്കുന്ന ഈ മരത്തിൻറെ സമീപത്തുകൂടിയാണ് കടന്നുപോകുന്നത്. മഴയും കാറ്റും ശക്തിപ്രാപിച്ചു തുടങ്ങിയതോടെ ഇവിടെയെത്തുന്നവർ ഭീതിയിലാണ്. ഈ മരത്തിനോട് ചേർന്ന് 11 കെ. വി. ലൈനുകളും ലോ ടെൻഷൻ ലൈനുകളും കടന്നുപോകുന്നുണ്ട്.

ഏതു സമയവും ഒടിഞ്ഞുവീഴാവുന്ന നിലയിലാണ് മരത്തിൻറെ ശിഖരങ്ങൾ. ചെറിയ മഴയ്ക്കുപോലും മരക്കൊമ്പുകൾ അടർന്നുവീഴാനും വൈദ്യുതി ലൈൻ പൊട്ടിവീഴാനും സാധ്യതയുണ്ട്. ജീവനു ഭീഷണിയാകുന്ന ഇത്തരം മരങ്ങൾ വെട്ടിനീക്കാൻ നടപടി സ്വീകരിക്കണെമെന്നാണ് നാട്ടുകാർ പറയുന്നത്. പാഴ്മരങ്ങൾ കൊരട്ടിയുടെ പാതയോരങ്ങളിൽ നിരവധിയാണ്.

## ബാംബൂ കോർപറേഷനിലെ പ്രതിസന്ധി പരിഹരിക്കും

അങ്കമാലി: ബാംബൂ കോർപ്പറേഷനിലെ പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചതായി മന്ത്രി പി. രാജീവ് അറിയിച്ചു. ജിഎസ്ടി അടയ്ക്കാത്തിൻറെ പേരിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടതായിരുന്നു പ്രധാന പ്രശ്നം. ഇതു പരിഹരിക്കുന്നതിനു സർക്കാർ പ്രത്യേക സഹായം നൽകി. ഉത്പാദത്തിലേക്ക് വീണ്ടും തിരിച്ചുവന്നെങ്കിലും പ്രതിസന്ധി അവസാനിച്ചിട്ടില്ല.

ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ശമ്പളം കൊടുക്കുന്നതിനു പ്രത്യേകമായി ഒരു കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനമായി കോർപറേഷന് ബജറ്റിൽ പ്രഖ്യാപിച്ച തുക ലഭിക്കുമ്പോൾ തിരിച്ചു നൽകണമെന്ന വ്യവസ്ഥയിലാണ് തുക നൽകിയിട്ടുള്ളത്.

കോർപറേഷനിലെ മറ്റു വിഷയങ്ങൾ മാനേജ്മെൻറുമായി ചർച്ച ചെയ്യും. സർക്കാരിൻറെ പരിമിതിക്കുള്ളിൽ നിന്നു ബാംബൂ കോർപറേഷനിലെ പ്രതിസന്ധി പരിഹരിക്കാൻ പരമാവധി ശ്രമിക്കുമെന്നും മന്ത്രി പറഞ്ഞു.

## കൊച്ചി ധനുഷ്കോടി ദേശീയപാതയിലെ യാത്ര അപകടകരം

കോലഞ്ചേരി: കൊച്ചി ധനുഷ്കോടി ദേശീയപാതയിലെ യാത്ര അപകടം നിറഞ്ഞതായി മാറുന്നു. തിരുവാങ്കുളം മുതൽ മുവാറ്റുപുഴ വരെ ദേശീയപാതയിൽ കാനനിർമാണം നടക്കുന്നതിനാൽ ദേശീയപാതയുടെ പല സ്ഥലത്തും വശങ്ങളിൽ വലിയ കുഴികളാണ്. വേണ്ടത്ര മുന്നയിപ്പ് ബോർഡുകളോ, ഉറപ്പുള്ള തടയണകളോ ഒന്നും തന്നെ ഇവിടെ വച്ചിട്ടുമില്ല. ആയിരക്കണക്കിന് വാഹനങ്ങളാണ് ഇതിലെ ചീറി പായുന്നത്. മഴയെത്തിയതോടെ റോഡിൻറെ വശങ്ങളിൽ കുഴിച്ചിട്ട കുഴികളിൽ വെള്ളം നിറഞ്ഞ് കിടക്കുന്നതും യാത്ര കൂടുതൽ അപകടം നിറഞ്ഞതാക്കുന്നു. പണി നടക്കുന്നതിനാൽ നിലവിൽ വേണ്ടത്ര വീതി ഇല്ലാത്തത് ഓവർ ടേക്ക് ചെയ്യുന്ന വാഹനങ്ങൾ അപകടത്തിൽ പെടാൻ കാരണമാകുന്നു. അമിതഭാരം കയറ്റിയ വാഹനങ്ങളും നീളം കൂടിയ ട്രെയിലറുകളും വാഹനത്തിൽനിന്ന് പുറത്തേക്ക് ഉന്തി നിൽക്കുന്ന തടി ലോഡുകളുമായി പോകുന്ന വാഹനങ്ങളും അപകടങ്ങൾക്ക് കാരണം കൂട്ടുന്നു. വശങ്ങളിലെ കുഴിയും മഴയും ഡിംലൈറ്റ് ഇടാതെ കടന്നു വരുന്ന വാഹനങ്ങളും മുകളിൽ സൂചിപ്പിച്ച കാരണങ്ങളും കൂടിയാകുന്പോൾ രാത്രി യാത്ര അതീവ അപകടം നിറഞ്ഞതാകുന്നു. ദിവസങ്ങൾക്ക് മുന്പ് മാമലയിൽ മറ്റൊരു വാഹനത്തിനെ ഓവർടേക്ക് ചെയ്ത് കയറി വന്ന വാഹനത്തിന് സൈഡ് കൊടുക്കുന്നതിനിടയിൽ ജീപ്പ് നിർമാണ കുഴിയിൽ വീണ് അതിലെ യാത്രക്കാരി മരിച്ചിരുന്നു.

## തോമസ് തോണിപ്പാറ കർഷകർക്ക് വേണ്ടി പോരാടിയ നേതാവ്: കെ. എഫ്. ജോർജ്

കോഴിക്കോട്: കർഷകർക്കും സാധാരണക്കാർക്കുമൊപ്പം നിന്ന് പോരാടിയ നേതാവായിരുന്നു തോമസ് തോണിപ്പാറയെന്ന് പ്രമുഖ എഴുത്തുകാരൻ കെ. എഫ്. ജോർജ് അഭിപ്രായപ്പെട്ടു. പത്താമത് തോമസ് തോണിപ്പാറ അനുസ്മരണം ഗാന്ധിഗൃഹത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളാ കോൺഗ്രസ്എം ജില്ലാ പ്രസിഡൻറ് ടി. എം. ജോസഫ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മുഹമ്മദ് ഇക്ബാൽ, കെ. എം. പോൾസൺ, കെ. കെ. നാരായണൻ, വിനോദ് കിഴക്കയിൽ, ബോബി മൂക്കൻതോട്ടം, റോയി മുരിക്കോലിൽ, സുരേന്ദ്രൻ പാലേരി, റുഖിയ ബീവി, ബോബി ഓസ്റ്റ്യൻ, നിഷാന്ത് പി. ജോസ്, മാത്യു ചെമ്പോട്ടി, ജോസ് ഐരാറ്റിൽ, ബേബി കുനന്താനം, അരുൺ തോമസ്, ജിമ്മി ജോർജ്, ഗ്രേസി ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

## വനംവകുപ്പിൻറെ തീരുമാനം പുനപരിശോധിക്കണം: കേരള കർഷക യൂണിയൻബി

നിലമ്പൂർ: സംസ്ഥാന വന മേഖലയിൽ യൂക്കാലി, അക്ഷേഷ്യ തുടങ്ങിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനുള്ള തീരുമാനത്തിൽ നിന്നു വനംവകുപ്പ് പിൻമാറണമെന്ന് നിലമ്പൂരിൽ ചേർന്ന കേരള കർഷക യൂണിയൻബി ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

വനമേഖലയിൽ ഇത്തരം മരങ്ങൾ വളർത്തിയാൽ ഭൂമിയിൽ ജലത്തിൻറെ ലഭ്യത കുറയുകയും വന്യമൃഗങ്ങൾ വെള്ളത്തിനും ഭക്ഷണത്തിനുമായി നാട്ടിൽ ഇറങ്ങുകയും ചെയ്യും.

ഇതു കൃഷികൾ നശിപ്പിക്കുന്നതിനും ജനങ്ങൾക്കു ഭീഷണിയായി മാറുമെന്നും യോഗം ചൂണ്ടിക്കാട്ടി. വന്യമൃഗങ്ങൾക്ക് വനത്തിൽ ഭക്ഷണത്തിനു ചെടികളും വൃക്ഷങ്ങളും നട്ടുവളർത്തുകയും വെള്ളത്തിനായി വനത്തിൽ കുളം കുഴിച്ചാൽ ഒരു പരിധി വരെ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കാൻ കഴിയുമെന്നും യോഗം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു.

പാർട്ടി ജില്ലാ പ്രസിഡൻറ് കെ. പി. പീറ്റർ യോഗം ഉദ്ഘാടനം ചെയ്തു. കർഷക യൂണിയൻബി ജില്ലാ പ്രസിഡൻറ് ജമാൽഹാജി അധ്യക്ഷനായിരുന്നു. വൈസ് പ്രസിഡൻറ് പി. ടി. ഉണ്ണിരാജ മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി കെ. എം. ജോസ്,

ശശീന്ദ്രൻ കോട്ടപ്പടി, വി. കെ. ഷംസുദീൻ, അനീഷ് മോൻ, നിയോജക മണ്ഡലം പ്രസിഡൻറുമാരായ വി. കെ. അബ്ദുറഹിമാൻ, ഷിബു സാമുവൽ, അനൂപ് വർഗീസ്, റസാക്ക് വേങ്ങര, സഹീർ ഏറനാട്, രവീന്ദ്രൻ, ഉഷ ജോസഫ്, കെ. കെ. ദേവി തുടങ്ങിയവർ പ്രസംഗിച്ചു.

## തൃക്കാക്കരയിൽ വീണ്ടും ഭക്ഷ്യ വിഷബാധ; ഇടച്ചിറയിലെ പാഴ്സൽ കേന്ദ്രം അടച്ചുപൂട്ടി

കാക്കനാട്: തൃക്കാക്കരയിൽ വീണ്ടും ഭക്ഷ്യ വിഷബാധ. ഇടച്ചിറയിലെ ഭക്ഷണം പാഴ്സൽ കടയിൽ നിന്നു ഭക്ഷണം കഴിച്ച വാങ്ങിക്കഴിച്ച മൂന്ന് കുട്ടികൾക്കാണ് ഭക്ഷ്യ വിഷബാധയേറ്റത്. ഇടച്ചിറ ഇഎംഎസ് റോഡിൽ എൽദോസ്മഞ്ജു ദമ്പതികളുടെ മക്കളായ പത്തുവയസുകാരി അധീന, അഞ്ചു വയസുകാരി ലൂയിത്തി, രണ്ടര വയസുകാരി അലൈഡ എന്നിവർക്കാണ് ഭക്ഷ്യ വിഷബാധയേറ്റത്.

കഴിഞ്ഞ ശനിയാഴ്ച രാവിലെ ഇടച്ചിറയിലെ റാഹത്ത് പാത്തിരിക്കടയിൽ നിന്ന് പൊറോട്ടയും നൈസ് പത്തിരിയും കടലക്കറിയും വാങ്ങിയിരുന്നു. ഭക്ഷണം കഴിച്ച അലൈഡക്കാണ് ആദ്യം വയറിളക്കവും ഛർദിലും അനുഭവപ്പെട്ടത്. പിന്നാലെ മറ്റു രണ്ടുപേർക്കും തുടങ്ങി. ലൂയിത്തി ചികിത്സയിലാണ്.

ഭക്ഷ്യ വിഷബാധയുണ്ടാകാനിടയായ ഇടച്ചിറയിലെ ഹോട്ടൽ റാഹത്ത് പത്തിരിക്കടയിൽ ആരോഗ്യ വിഭാഗം പരിശോധന നടത്തി. സ്ഥാപനത്തിന് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തി. അടുക്കള വൃത്തിഹീനമായ സാഹചര്യത്തിലായിരുന്നു.

കൂടാതെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉണ്ടായിരുന്നില്ല. ഭക്ഷ്യ സുരക്ഷാ ലൈസൻസ് ഇല്ലെന്നും കണ്ടെത്തി. വിൽപ്പനയ്ക്കായി വച്ചിരുന്ന അപ്പം, പൊറോട്ട, ചപ്പാത്തി, ചിക്കൻ 65,ഉൾപ്പടെയുള്ള സാധനങ്ങൾ ആരോഗ്യ വകുപ്പ് പിടിച്ചെടുത്തു.

തൃക്കാക്കര നഗരസഭാ ആരോഗ്യ വിഭാഗം ഹോട്ടൽ അടച്ചുപൂട്ടി. ഇടച്ചിറയിലെ ഹർഷ ദാബ ഹോട്ടലിൽ നിന്നു പഴകിയ ചിക്കൻ, മയോണൈസ് എന്നിവ പിടിച്ചെടുത്തു. എം. എം. ബേക്കറിയിൽ നിന്നു കാലാവധി കഴിഞ്ഞ ബ്രെഡ്, ചപ്പാത്തി പായ്ക്കറ്റുകൾ പിടികൂടി. ജിനോ ബാറിൽ നിന്നു പഴകിയ ഭക്ഷണം പിടികൂടി.

## ശോകശാന്തിവനം വാതക ശ്മശാനം അടഞ്ഞു കിടക്കുന്നതിനെതിരെ യൂത്ത് കോൺഗ്രസ്

തത്തമംഗലം: ചിറ്റൂർ തത്തമംഗലം നഗരസഭയിൽ ജനങ്ങൾക്ക് ജീവിക്കാനും മരണപ്പെട്ടാൽ അന്തിമകർമ്മങ്ങൾക്കും ഒരേപോലെ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെന്ന് ജില്ല കോൺഗ്രസ് കമ്മിറ്റി ഉപാധ്യക്ഷൻ സുമേഷ് അച്യുതൻ ആരോപിച്ചു. യൂത്ത് കോൺഗ്രസ് തത്തമംഗലം മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കൗതുകകരമായ പ്രതീകാത്മക മൃതശരീരം ചുമന്നുകൊണ്ട് തത്തമംഗലം പള്ളിമോക്കിൽ നിന്ന് പുഴപ്പാലം വാതക ശ്മശാനത്തിലേക്ക് പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ ഫെബ്രുവരി മാസം മുതൽ പ്രവർത്തനരഹിതമായി കിടക്കുന്ന ചിറ്റൂർ തത്തമംഗലം നഗരസഭയുടെ നിയന്ത്രണത്തിലുള്ള ശോകശാന്തിവനം വാതക ശ്മശാനം ഉടൻ തുറന്ന് പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടാണ് സമരം.

യുഡിഫ് നഗരസഭ ഭരിച്ചിരുന്ന കാലത്ത് 2013ൽ പണിത ശ്മശാനം മാസങ്ങളായി കാടുപ്പിച്ചുകിടക്കുകയാണ്. നഗരസഭ പ്രദേശത്തുള്ളവർ ഇപ്പോൾ അടുത്തുള്ള പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാനത്തെയാണ് ആശ്രയിക്കുന്നത്.

എൽഡിഫ് ഭരണത്തിലെ കെടുകാര്യസ്ഥതയുടെ അവസാനത്തെ ഉദാഹരണമാണ് വാതക ശ്മശാനം. യുഡിഎഫ് നഗരസഭയിൽ ആരംഭിച്ച എല്ലാ സ്ഥാപനങ്ങളും എൽഡിഎഫ് ഭരണസമിതി വന്നതിനുശേഷം ഒന്നൊന്നായി അടച്ച് പൂട്ടുകയാണെന്നും അദ്ദേഹം പറഞ്ഞു.

തത്തമംഗലം മണ്ഡലം യൂത്ത് കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റ് രാഹുൽ കൃഷ്ണ അധ്യക്ഷനായി, മുൻ നഗരസഭ ചെയർമാൻ കെ. മധു, ഡിസിസി ജനറൽ സെക്രട്ടറി കെ. സി. പ്രീത്, യൂത്ത് കോൺഗ്രസ് ജില്ല സെക്രട്ടറിമാരായ രതീഷ് പുതുശ്ശേരി, വി. കെ. വത്സൻ, യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡൻറ് സാജൻ കോട്ടപ്പാടം, അജിത് കുമാർ, !എസ്. സ്വരൂപ്, അനസ് അബ്ദുൽ നാസർ, ആർ. കിഷോർ കുമാർ, ആർ. സദാനന്ദൻ, സൈദ് ഇബ്രാഹിം, മ ുരളി തറക്കളം തുടങ്ങിയവർ പ്രസംഗിച്ചു.

## തൃശൂർ കളക്ടറേറ്റിനു സമീപം കൂറ്റൻമരം കാറ്റിൽ കടപുഴകി

അയ്യന്തോൾ: കളക്ടറേറ്റിനു സമീപത്തെ കൂറ്റൻമരം കടപുഴകി വീണതിനെതുടർന്ന് പോലീസ് സ്റ്റേഷൻ കെട്ടിടത്തിനു നാശനഷ്ടം. വെസ്റ്റ് പോലീസ് സ്റ്റേഷൻറെ മതിലിനും സ്റ്റേഷനോടു ചേർന്ന ശിശുസൗഹൃദ സ്റ്റേഷൻ കെട്ടിടത്തിനുമാണു കേടുപാടുകൾ സംഭവിച്ചത്. വൈദ്യുതിത്തൂണുകൾ തകർന്നതിനെതുടർന്ന് മേഖലയിലെ വൈദ്യുതിവിതരണം തടസപ്പെട്ടു. മൂന്നു വൈദ്യുതിത്തൂണുകൾ തകർന്നിട്ടുണ്ട്. വൈകീട്ട് അഞ്ചോടെ മരം മുറിച്ചുനീക്കി വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചു. മരം വീണതിനെതുടർന്ന് കോടതിയിലേക്കും സിവിൽ സ്റ്റേഷനിൽ വിവിധ ആവശ്യങ്ങൾക്കും പോകാനുള്ളവർ ബുദ്ധിമുട്ടിലായി.

പലരും വീണുകിടന്ന മരത്തിനു മുകളിലൂടെ കയറിയാണ് അപ്പുറം കടന്നത്. മരം വീണതോടെ ഇതുവഴിയുള്ള ഗതാഗത സ്തംഭനവും വൈദ്യുതിക്കാലുകൾ തകർന്നതോടെ ഈ മേഖലയിൽ വൈദ്യുതി നിലച്ചതും കോടതിയുടെയും സമീപ പ്രദേശത്തെയും സർക്കാർ ഓഫീസുകളുടെയും മറ്റും പ്രവർത്തനത്തെ ബാധിച്ചു. ഗതാഗതതടസംമൂലം ജഡ്ജിമാരും വക്കീലുമാരും കോടതി ജീവനക്കാരും അടക്കമുള്ളവർ ദുരിതത്തിലായി.

ജഡ്ജിമാർ കളക്ടറേറ്റിനുള്ളിലെ മറ്റൊരു വഴിയിലൂടെയാണ് കോടതിസമുച്ചയത്തിൽ എത്തിച്ചേർന്നത്.

# കോൽക്കത്തയിൽ ചികിത്സയ്ക്കെത്തിയ ബംഗ്ലാദേശ് എംപി കൊല്ലപ്പെട്ടു

കോൽക്കത്ത/ധാക്ക: ചികിത്സയ്ക്കായി ഇന്ത്യയിലെത്തിയെന്നു കരുതുന്ന ബംഗ്ലാദേശ് എംപി അൻവാറുൾ അസിം അൻവർ കോൽക്കത്തയിൽ കൊല്ലപ്പെട്ടതായി സ്ഥിരീകരണം.

ബംഗ്ലാദേശിലെ ഭരണകക്ഷിയായ അവാമി ലീഗിൻറെ പ്രതിനിധിയായ അൻവാറുൾ കഴിഞ്ഞ പന്ത്രണ്ടിനാണ് ചികിത്സയ്ക്കായി കോൽക്കത്തയിൽ എത്തിയത്. പിറ്റേന്നുമുതൽ കാണാതാവുകയായിരുന്നു.

എംപിയെ അതിക്രൂരമായി കൊലപ്പെടുത്തിയെന്നതിനു വിശ്വസനീയമായ തെളിവുകൾ ലഭിച്ചതായി പശ്ചിമബംഗാൾ പോലീസ് രഹസ്യാന്വേഷണവിഭാഗം ഐജി അഖിലേഷ് ചതുർവേദി പറഞ്ഞു.

അൻവാറുൾ അസിം നഗരത്തിൽ എത്തിയതിനെക്കുറിച്ച് മുൻകൂട്ടി വിവരം ലഭിച്ചിരുന്നു. ഇദ്ദേഹത്തെ കാണാനില്ലെന്നുകാണിച്ച് സുഹൃത്ത് ഗോപാൽ ബിശ്വാസ് നൽകിയ പരാതിയെത്തുടർന്നു പ്രത്യേകസംഘത്തെ നിയോഗിക്കുകയായിരുന്നു.

മുൻകൂട്ടി ആസൂത്രണം ചെയ്ത രീതിയിൽ കോൽക്കത്തയിലെ ഒരു വസതിയിലാണ് കൊലനടന്നത്. കൊലപാതത്തിൻറെ കാരണവും കൊലപാതകികളുടെ ലക്ഷ്യവും അന്വേഷിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

പന്ത്രണ്ടിനു വൈകുന്നേരം കുടുംബ സുഹൃത്തായ ഗോപാൽ ബിശ്വാസിനെ കാണാൻ എംപി എത്തിയിരുന്നു. ഡോക്ടറെ കാണണമെന്ന് പറഞ്ഞ് പിറ്റേന്ന് ഉച്ചയ്ക്ക് അദ്ദേഹം വീട്ടിൽനിന്ന് പോയതായാണ് ഗോപാൽ ബിശ്വാസ് പറയുന്നത്.

വൈകുന്നേരം തിരിച്ചെത്തുമെന്നു പറഞ്ഞായിരുന്നു യാത്ര. എന്നാൽ വൈകുന്നേരത്തോടെ താൻ ഡൽഹിയിലേക്കു പോവുകയാണെന്ന് അൻവാറുൽ പറഞ്ഞതായി ഗോപാൽ ബിശ്വാസ് വിശദീകരിക്കുന്നു.

ഡൽഹിയിലെത്തിയെന്നും ഒരു വിഐപി സംഘത്തിനൊപ്പമാണെന്നും മേയ് പതിനഞ്ചിന് അൻവാറുൾ അസിം തനിക്ക് വാട്സ്ആപ്പ് സന്ദേശം അയച്ചു. ഇതിനിടെ ബംഗ്ലാദേശ് എംപിയുമായി ബന്ധപ്പെടാൻ കഴിയുന്നില്ലെന്നുകാണിച്ച് കുടുംബാംഗങ്ങൾ തന്നെ വിളിക്കുകയായിരുന്നു. അന്നുതന്നെ എംപിയുടെ കുടുംബം ധാക്കയിൽ പൊലീസിൽ പരാതി നൽകുകയും ചെയ്തുഅദ്ദേഹം വ്യക്തമാക്കി.

കോൽക്കത്തയിലെ ന്യൂടൗൺ ഏരിയയ്ക്ക് സമീപമാണ് ഇദ്ദേഹം അവസാനമായി എത്തിയതെന്ന് മൊബൈൽഫോൺ പിന്തുടർന്നുള്ള അന്വേഷണത്തിൽ വ്യക്തമായതായി പശ്ചിമ ബംഗാൾ പോലീസ് പറഞ്ഞു.

കൊലപാതകവുമായി ബന്ധമുള്ള കുറഞ്ഞതു മൂന്നുപേരെങ്കിലും ബംഗ്ലാദേശിൽ എത്തിയതായും പശ്ചിമബംഗാൾ പോലീസ് സംശയിക്കുന്നു. അതിനിടെ എംപിയെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് മൂന്നു പേർ ബംഗ്ലാദേശിൽ അറസ്റ്റിലായതായി ബംഗ്ലാദേശ് പോലീസ് സ്ഥിരീകരിച്ചു.

# കൊട്ടാരക്കരയിൽ തട്ടിപ്പു സംഘങ്ങൾ വിലസുന്നു; പോ ലീസ് നിഷ്ക്രിയം

കൊട്ടാരക്കര: കഴിഞ്ഞ കുറച്ചു മാസങ്ങളായി തട്ടിപ്പു സംഘങ്ങളുടെ ഇഷ്ട കേന്ദ്രമായി കൊട്ടാരക്കര മാറി. ഇതിൽ തട്ടിപ്പുകാർ മാത്രമല്ല പോക്കറ്റടിക്കാർ, വ്യാജ ലോട്ടറി തട്ടിപ്പുകാർ, വാഹന മോഷ്ടാക്കൾ, മയക്കുമരുന്നു കച്ചവടക്കാർ തുടങ്ങിയ വിഭാഗങ്ങളും പെടും. ഒരു കേസിൽ പോലും തുമ്പു കണ്ടെത്താൻ പോലീസിനു കഴിഞ്ഞിട്ടില്ല. പോലീസ് നിഷ്ക്രിയമാണെന്ന ആക്ഷേപം പൊതുജനങ്ങൾക്കിടയിൽ ഉയർന്നു കഴിഞ്ഞു.

ഭിന്നശേഷിക്കാരനായ ലോട്ടറി കച്ചവടക്കാരന് വ്യാജലോട്ടറി തട്ടിപ്പിൽ ഇന്നലെ നഷ്ടമായത് 5000 രൂപയാണ്. കൊട്ടാരക്കര താലൂക്കാശുപത്രിക്കു സമീപത്തായാണ് ഇയാൾ കച്ചവടം ചെയ്തു വരുന്നത്. ഇന്നലെ ബൈക്കിലെത്തിയ യുവാവ് സമ്മാനമടിച്ച ടിക്കറ്റ് കാട്ടി പണം ആവശ്യപ്പെട്ടു. 5000 രൂപ വീതം സമ്മാനമടിച്ച 12 ടിക്കറ്റുകളാണ് ഇയാളുടെ പക്കലുണ്ടായിരുന്നത്. അത്രയും തുക കൈവശമില്ലെന്നറിയിച്ചപ്പോൾ പത്ത് ടിക്കറ്റും ഒരു ബമ്പർ ടിക്കറ്റുമെടുക്കാമെന്ന് പ്രലോഭിപ്പിച്ചു. അങ്ങനെ ഒരു ടിക്കറ്റ് മാറി പത്ത് പുതിയ ടിക്കറ്റും ഒരു ബമ്പർ ടിക്കറ്റും ബാക്കി പണമായും നൽകി. പിന്നീട് ലോട്ടറി മൊത്തവ്യാപാര കേന്ദ്രത്തിലെത്തി പരിശോധിച്ചപ്പോഴാണ് ടിക്കറ്റ് വ്യാജമായിരുന്നെന്ന് തിരിച്ചറിയുന്നത്. സീരിയൽ നമ്പരും തീയതിയും വെട്ടി ഒട്ടിച്ചിരിക്കുകയായിരുന്നു. തുടർന്ന് കൊട്ടാരക്കര പോലീസിൽ പരാതി നൽകി.

ഹെൽമെറ്റും മഴക്കോട്ടും ധരിച്ചെത്തിയ യുവാവാണ് തട്ടിപ്പു നടത്തിയത്. ഏകദേശ ഓർമയിലുണ്ടായിരുന്ന വണ്ടി നമ്പരും പോലീസിന് കൈമാറിയിട്ടുണ്ട്. ഇത്തരം തട്ടിപ്പുകൾ കൊട്ടാരക്കരയിൽ നിരന്തരം നടന്നു വരുന്നു. സത്രികൾ, കാഴ്ചശക്തി കുറഞ്ഞവർ, ഭിന്നശേഷിക്കാർ തുടങ്ങിയ ലോട്ടറി കച്ചവടക്കാരെയാണ് തട്ടിപ്പുകാർ ലക്ഷ്യമിടുന്നത്.

കഴിഞ്ഞ ദിവസമാണ് ലൈഫ്മിഷൻ പദ്ധതി പ്രകാരം അനുവദിച്ച വീടിൻറെ തവണ തുക ബാങ്കിൽ നിന്നെടുത്തു കൊണ്ടുവന്ന 25000 രൂപ വീട്ടമ്മക്ക് ബസിൽ വെച്ച് നഷ്ടമായത്. ഇവരും പോലീസിൽ പരാതി നൽകി കാത്തിരിക്കുകയാണ്. കഴിഞ്ഞ മാസം എഴുകോൺ ഇടക്കിടം സ്വദേശിനിയായ വീട്ടമ്മക്കും ബസിൽ വെച്ച് ഒരു ലക്ഷം രൂപ നഷ്ടമായിരുന്നു. ബാങ്കിൽ നിന്നും ലോൺ പണം എടുത്തു കൊണ്ടു പോകും വഴിയാണ് അപഹരിക്കപ്പെട്ടത്.

കൊട്ടാരക്കരയിൽ ഇരുചക്രവാഹന മോഷണം നിരന്തരമായി നടന്നു വരുന്നു. ഒരു മാസത്തിനുള്ളിൽ പത്തോളം ഇരുചക്രവാഹനങ്ങളാണ് മോഷ്ടിക്കപ്പെട്ടത്. പോലീസ് സ്റ്റേഷനു മുന്നിൽ നിന്നു പോലും വാഹനം മോഷ്ടിക്കപ്പെട്ടു.

ചന്തമുക്കിൽ നിന്നും പുലമണിൽ നിന്നും വീടുകളിൽ നിന്നുമെല്ലാം ഇരുചക്രവാഹനങ്ങൾ കടത്തിക്കൊണ്ടുപോയിട്ടുണ്ട്. കഞ്ചാവടക്കം മാരക ലഹരി വസ്തുക്കളുടെ ക്രയവിക്രയവും കൊട്ടാരക്കര കേന്ദ്രീകരിച്ച് നടന്നു വരുന്നു.

കൊട്ടാരക്കര കെ എസ് ആർ ടി സി ബസ്സ്റ്റാൻറും സ്വകാര്യ ബസ്സ്റ്റാൻറും സാമൂഹ്യ വിരുദ്ധരുടെയും മോഷ്ടാക്കളുടെയും പോക്കറ്റടിക്കാരുടെയും താവളമാണ്. ഇവിടെയൊന്നും പോലീസ് സാന്നിധ്യവുമില്ല. ഒറ്റക്ക് വന്ന് മോഷണം നടത്തുന്നതല്ലാതെ സംഘങ്ങളായി എത്തി മോഷണ തൊഴിൽ ചെയ്തു വരുന്ന വിഭാഗങ്ങളുമുണ്ട്. ബസുകളിൽ തിരക്കുണ്ടാക്കുന്നത് ഈ സംഘങ്ങളാണ്. വാഹനമായാലും പണമായാലും മോഷ്ടിക്കുന്നയാളല്ല അത് കടത്തികൊണ്ടു പോവുക. സംഘത്തിലുള്ള മറ്റുള്ളവരായിരിക്കും. തമിഴ്നാട്ടിൽ നിന്നുള്ള സ്ത്രീകളുടെ മോഷണസംഘങ്ങളും ഇവിടെ കേന്ദ്രീകരിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും രാവിലെയെത്തി മോഷണ തൊഴിൽ ചെയ്ത് വൈകുന്നേരം മടങ്ങിപ്പോകുന്നവരും ഏറെയാണ്. ട്രെയിൻ യാത്രാ സൗകര്യം വർധിച്ചത് ഇവർക്ക് ഗുണകരമായിട്ടുണ്ട്. കൊട്ടാരക്കരയിലെ പോലീസ് ഓഫീസർമാരിലധികവും സ്വന്തം ഓഫീസ് വിട്ട് പുറത്തിറങ്ങാറില്ലെന്നാണ് പരക്കെ ആക്ഷേപം. സ്റ്റേഷൻ ചുമതല എസ് എച്ച് ഒ മാർക്കായതോടെ പഴയതുപോലെ എസ് ഐ മാരുടെ കറക്കങ്ങളും നിലച്ചിരിക്കുകയാണ്. ജനങ്ങൾ ഭീതിയിലാണ്. അതകറ്റാൻ ഒരു നടപടിയും പോലീസിൻറെഭാഗത്തു നിന്നും ഉണ്ടാകുന്നുമില്ല.

## കേജരിവാളിൻറെ മാതാപിതാക്കളെ ചോദ്യംചെയ്യാൻ ഡൽഹി പോലീസ്; വിമർശനവുമായി എഎപി

ന്യൂഡൽഹി: എഎപി രാജ്യസഭാംഗം സ്വാതി മലിവാളിനെ മർദിച്ചെന്ന കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിൻറെ മാതാപിതാക്കളെ ചോദ്യംചെയ്തേക്കും.

വയോധികരായ മാതാപിതാക്കളെ ചോദ്യം ചെയ്യാൻ ഇന്ന് ഡൽഹി പോലീസെത്തുമെന്ന് കേജരിവാളാണ് ആദ്യം എക്സിലൂടെ അറിയിച്ചത്. സ്വാതി മലിവാളിൻറെ പരാതിയിൽ സുതാര്യമായ അന്വേഷണം നടക്കുമെന്ന് പ്രതീക്ഷിക്കുന്നതായും കേജരിവാൾ പ്രതികരിച്ചു.

പരാതിക്ക് ആസ്പദമായ സംഭവം നടക്കുമ്പോൾ അവിടെയുണ്ടായിരുന്ന എല്ലാവരെയും ചോദ്യം ചെയ്യുക എന്ന സ്വാഭാവിക നടപടിയാണെന്ന മറുപടിയാണ് ഡൽഹി പോലീസ് നൽകുന്നത്. ചോദ്യം ചെയ്യാനുള്ള തീയതി തീരുമാനിച്ചിട്ടില്ല.

അതേസമയം, പോലീസ് നടപടിക്കെതിരേ രൂക്ഷ വിമർശനവുമായി ആംആദ്മി പാർട്ടി രംഗത്തെത്തി. പ്രധാനമന്ത്രി ഇടപെട്ടാണ് കേജരിവാളിൻറെ വയോധികരായ മാതാപിതാക്കളെ കേസിലേക്ക് വലിച്ചിഴയ്ക്കുന്നതെന്ന് നേതാക്കൾ ആരോപിച്ചു.

## ഉജ്ജനി ബോട്ട് അപകടം: അഞ്ചുപേരുടെ മൃതദേഹം കണ്ടെത്തി; തിരച്ചിൽ തുടരുന്നു

മുംബൈ: മഹാരാഷ്ട്രയിലെ സോലാപുർ ജില്ലയിലെ ഉജ്ജാനി ഡാമിൽ ബോട്ട് മറിഞ്ഞ് കാണാതായ അഞ്ച് പേരുടെ മൃതദേഹം കണ്ടെത്തി. ഒരാൾക്കായി എൻഡിആർഎഫ് സംഘം തിരച്ചിൽ തുടരുന്നു.

ഉജ്ജനി അണക്കെട്ടിൻറെ കായലിൽ ചൊവ്വാഴ്ച വൈകുന്നേരമാണ് അപകടമുണ്ടായത്. കുഗാവ് ഗ്രാമത്തിൽ നിന്നും കലാശി ഗ്രാമത്തിലേക്ക് യാത്രക്കാരുമായി പോവുകയായിരുന്ന ഫെറി ബോട്ടാണ് അപകടത്തിൽപ്പെട്ടത്.

ഒരു സ്ത്രീയും രണ്ടു കുട്ടികളും ഉൾപ്പെടെ ഏഴ് യാത്രക്കാരാണ് ബോട്ടിൽ ഉണ്ടായിരുന്നത്. ഗോകുൽ ജാദവ്, ഭാര്യ കോമൾ, മകൾ മഹി(മൂന്ന്), ഒന്നര വയസുള്ള മകൻ ശുഭം, ഒരു പോലീസ് ഇൻസ്പെക്ടർ, രാഹുൽ ഡോംഗ്രെ എന്നയാളും അദ്ദേഹത്തിൻറെ ബന്ധുവുമായിരുന്നു യാത്രക്കാർ.

കനത്ത കാറ്റിലും മഴയിലും ഫെറി ബോട്ട് മറിയുകയായിരുന്നു. അപകടത്തെതുടർന്ന് രാഹുൽ നീന്തി രക്ഷപ്പെട്ടു. ഇയാളാണ് അപകടവിവരം ആളുകളെ അറിയിച്ചത്. അഞ്ച് യൂണിറ്റ് എൻഡിആർഎഫ് സംഘവും പോലീസും അഗ്നിരക്ഷാ സേനയും സംയുക്തമായാണ് രക്ഷാദൗത്യം നടത്തുന്നത്.

## അമ്മയുടെ സുഹൃത്തിൻറെ ക്രൂരമർദനം; ഒരുവയസുകാരൻ ഹൃദയസ്തംഭനം മൂലം മരിച്ചു

വാഷിംഗ്ഡൺ ഡിസി: അമേരിക്കയിലെ ഒഹിയോയിൽ അമ്മയുടെ സുഹൃത്തിൻറെ മർദനത്തിന് പിന്നാലെ ഒരു വയസുകാരൻ മരിച്ചു. കരീം കെയ്റ്റ എന്ന കുഞ്ഞാണ് ഒഹിയോയിലെ സിൻസിനാറ്റിയിലെ ആശുപത്രിയിൽ മരണപ്പെട്ടത്. കരീമിൻറെ മരണവുമായി ബന്ധപ്പെട്ട് എഡ്വേർഡ് മുറെ (23) എന്നയാൾ അറസ്റ്റിലായി. കുട്ടിയുടെ മാതാവ് അമീനത കീറ്റയുടെ സുഹൃത്താണിയാൾ. അമീനത മുറെയുമായി ഏകദേശം മൂന്ന് മാസത്തോളം ഡേറ്റിംഗ് നടത്തുകയായിരുന്നു.

ഈ മാസം ആദ്യമാണ് ഒരുവയസുകാരനെ വീടിനുള്ളിൽ ബോധമറ്റ നിലയിൽ കണ്ടെത്തിയതെന്ന് ഹാമിൽട്ടൺ കൗണ്ടി പ്രോസിക്യൂട്ടിംഗ് അറ്റോർണി മെലിസ പവർസ പറഞ്ഞു. പരിശോധനയിൽ കരീമിന് ക്രൂരമർദനം ഏറ്റതായി തെളിഞ്ഞിരുന്നു. കുഞ്ഞിൻറെ വാരിയെല്ല് തകർന്നിരുന്നു.

മാത്രമല്ല കണ്ണിനും കരളിനുമുൾപ്പടെ പരിക്കേറ്റിരുന്നുവെന്നാണ് റിപ്പോർട്ട്. മസ്തിഷ്ക വീക്കവും ആന്തരിക രക്തസ്രാവവും ഉണ്ടായിട്ടുണ്ട്. ആശുപത്രിയിൽ ചികത്സയിലിരിക്കെ ഈ മാസം അഞ്ചിനാണ് കുട്ടി മരിച്ചത്.

എന്നാൽ താൻ കുട്ടിയെ ഉപദ്രവിച്ചിട്ടില്ലെന്നും മുറിയിൽ കൊണ്ടുപോയി കിടത്തുക മാത്രമാണ് ചെയ്തതെന്നുമാണ് മുറെയുടെ വാദം. ക്ഷീണം കാരണം കുട്ടി ഭക്ഷണം കഴിച്ചിരുന്നില്ലെന്നും കുറച്ചു നിമിഷങ്ങൾ കുട്ടിക്കൊപ്പം മുറിയിൽ ചിലവഴിക്കുക മാത്രമാണ് ചെയ്തതെന്നും ഇയാൾ പറയുന്നു.

പക്ഷെ കുട്ടിക്കെങ്ങനെ ഇത്തരത്തിൽ ഗുരുതരമായി പരിക്കേറ്റെന്ന കാര്യത്തിൽ വിശദീകരണം നൽകാൻ മുറെയ്ക്ക് കഴിഞ്ഞില്ലെന്ന് മെലീസ വ്യക്തമാക്കുന്നു.

## റഷ്യ വിക്ഷേപിച്ചത് ബഹിരാകാശ ആയുധം: യുഎസ്

വാഷിംഗ്ടൺ ഡിസി: കഴിഞ്ഞയാഴ്ച റഷ്യ വിക്ഷേപിച്ച ഉപഗ്രഹം ബഹിരാകാശ ആയുധമാണെന്നു കരുതുന്നതായി അമേരിക്ക. മറ്റ് ഉപഗ്രഹങ്ങളെ തകർക്കാനുള്ള ശേഷി ഇതിനുണ്ടെന്ന് അനുമാനിക്കുന്നതായി പെൻറഗൺ വക്താവ് ബ്രിഗേഡിയർ ജനറൽ പാറ്റ് റൈഡൻ പറഞ്ഞു.

അമേരിക്കയുടെ ഉപഗ്രഹം ഭ്രമണം ചെയ്യുന്ന അതേ പാതയിലാണു റഷ്യ ഉപഗ്രഹത്തെ എത്തിച്ചിരിക്കുന്നത്. അമേരിക്കൻ താത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടതു ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

റഷ്യൻ ഉപഗ്രഹം ബഹിരാകാശ ആയുധമാണെന്ന സൂചന അമേരിക്കയുടെ ബഹിരാകാശ കമാൻഡും നല്കുകയുണ്ടായി.

കോസ്മോസ് 2576 എന്ന ഉപഗ്രഹമാണു റഷ്യ കഴിഞ്ഞയാഴ്ച ഭൂമിയോടു ചേർന്ന ഭ്രമണപഥത്തിൽ എത്തിച്ചത്. റഷ്യൻ പ്രതിരോധ മന്ത്രാലയത്തിനുവേണ്ടിയായിരുന്നു വിക്ഷേപണം എന്നാണ് അറിയിപ്പ്.

അമേരിക്കയുടെ യുഎസ്എ314 എന്ന ഉപഗ്രഹം ഇതേ ഭ്രമണപഥത്തിലുണ്ട്. യുക്രെയ്ൻ സേനയെ സഹായിക്കുന്ന അമേരിക്കൻ ഉപഗ്രഹങ്ങളെ ലക്ഷ്യമിടുമെന്ന് റഷ്യ നേരത്തേ ഭീഷണി മുഴക്കിയിട്ടുള്ളതാണ്.

ബഹിരാകാശത്തെ യുദ്ധമേഖലയാക്കാൻ ശ്രമിക്കുന്നു എന്ന ആരോപണം റഷ്യയും അമേരിക്കയും പരസ്പരം ഉന്നയിക്കാറുള്ളതാണ്.

# വയോജന പരിപാലന മേഖലയിൽ ഇടപെടലുകൾ ശക്തമാക്കും : മന്ത്രി ഡോ. ആർ ബിന്ദു

വയോജന പരിപാലന മേഖലയിൽ ഇടപെടലുകൾ ശക്തമാക്കുമെന്ന് ഉന്നതവിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു പറഞ്ഞു. തിരുവനന്തപുരം ഐ എം ജിയിൽ നടന്ന സംസ്ഥാന വയോജന കൗൺസിലിലെയും, ജില്ലാതല വയോജന കമ്മിറ്റിയിലെയും അംഗങ്ങൾക്കായുള്ള ഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ജനസംഖ്യയിൽ വയോജനങ്ങളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ ക്ഷേമപ്രവർത്തനങ്ങൾ ലഭ്യമാക്കണം. 2030 ഓടെ ജനസംഖ്യയുടെ 25% വയോജനങ്ങളായിരിക്കുമെന്നാണ് പ്രതീക്ഷ. കുടുംബ ഘടനയുടെ മാറ്റങ്ങൾക്കനുസരിച്ച് വയോജനങ്ങൾ പീഡിതരാകുന്ന സാഹചര്യം നിലനിൽക്കുന്നു. ജീവിതത്തിന്റെ നല്ല ഭാഗം സമൂഹത്തിനും കുടുംബത്തിനും വേണ്ടി നീക്കി വെച്ച മനുഷ്യരുടെ ക്ഷേമം നമ്മുടെ ബാധ്യതയാണ്. മുതിർന്ന പൗരൻമാരുടെയും രക്ഷിതാക്കളെയും സംബന്ധിച്ച നിലനിൽക്കുന്ന നിയമ വ്യസ്ഥകളെക്കുറിച്ച് നമുക്ക് ധാരണയുണ്ടാകണം. വയോജന കൗൺസിലുകളുടെ സേവനം സംസ്ഥാന വ്യാപകമാക്കണം. വീടിനുള്ളിൽ തളച്ചിടപ്പെട്ട ഒരോ വ്യക്തിയുടെയും പ്രശ്നങ്ങൾ തിരിച്ചറിയാൻ കഴിയണ്ടതുണ്ട്.വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ഓർഫണേജുകൾക്ക് ഗ്രാൻഡുകളടക്കം സർക്കാർ നൽകി വരുന്നു. കാലാനുസൃതമായി സർക്കാർ വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായാണ് സെക്കൻഡ് ഇന്നിങ്സ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. സാമൂഹിക നീതി ഓഫീസർമാക്ക് അടിയന്തര സാഹചര്യത്തിൽ 25,000 രൂപ ചെലവഴിക്കാമെന്ന ഉത്തരവ് നിലവിൽ വന്നു കഴിഞ്ഞു. വയോജന ക്ലബ്ബുകൾ,ഓർമ ക്ലിനിക്കുകൾ എന്നിവ വ്യാപകമാക്കും. വയോജനങ്ങൾക്കായുള്ള ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിൽ എല്ലാ വകുപ്പുകളും നിലവിൽ ഊർജ്ജ സ്വലമായി പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

സാമൂഹിക നീതി വകുപ്പ് അഡീഷണൽ ഡയറക്ടർ ജലജ എസ് അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന വയോജന കൗൺസിൽ കൺവീനർ അമരവിള രാമകൃഷ്ണൻ, സാമൂഹികനീതി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ, പ്രീതി വിൽസൺ എന്നിവർ സംബന്ധിച്ചു.

# ശമനമില്ലാതെ. . മഴ

തിരുവനന്തപുരം: ഒരാഴ്ചയായി ജില്ലയിൽ പെയ്യുന്ന മഴയ്ക്ക് ഇന്നലെയും ശമനമുണ്ടായില്ല. സംസ്ഥാനത്ത് ഇതുവരെ ഏറ്റവും കൂടുതൽ വേനൽ മഴ ലഭിച്ചതും തിരുവനന്തപുരം ജില്ലയിലാണ്.

മാർച്ച് ഒന്നു മുതൽ ഇന്നലെ വരെ ജില്ലയിൽ പെയ്യേണ്ടതിനേക്കാൾ 30 ശതമാനത്തിൽ അധികം മഴയാണ് ഇതിനോടകം ലഭിച്ചു കഴിഞ്ഞത്. ശരാശരിക്കും മുകളിൽ മഴ പെയ്തതോടെ ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ അടക്കം വെള്ളം കയറിയതുമൂലം ജനങ്ങൾ ദുരിതത്തിലാണ്.

ഇന്നലെ ജില്ലയിൽ ഓറഞ്ച് അലേർട്ട് ആയിരുന്നു. ചൊവ്വാഴ്ച വൈകുന്നേരം ശക്തിപ്രാപിച്ച മഴ രാത്രിയിലും ശക്തമായതോടെ നഗരത്തിലടക്കം രൂപപ്പെട്ട വെള്ളക്കെട്ട് താഴ്നിട്ടില്ല. ഇന്നലെ ഉച്ചവരെ ജില്ലയിൽ കനത്ത മഴയാണ് ലഭിച്ചത്. ഉച്ചയോടെ അൽപം ശമിച്ചെങ്കിലും ഉച്ചയ്ക്കുശേഷം മഴ വീണ്ടും ശക്തമായതോടെ ജനം കൂടുതൽ ദുരിതത്തിലായി.

ദിവസങ്ങളായി തുടരുന്ന മഴ സ്കൂൾ വിപണിയെ അടക്കം ബാധിച്ചതായി വ്യാപാരികൾ പറയുന്നു. ഇന്നു ജില്ലയിൽ മഞ്ഞ അലർട്ടാണ് കേന്ദ്ര കാലാവസ്ഥാ കേന്ദ്രം പ്രഖ്യാപിച്ചിരിക്കുന്നത്. ചൊവ്വാഴ്ച രാത്രിയുണ്ടായ ശക്തമായ മഴയിൽ ജില്ലയിൽ വിവിധയിടങ്ങളിൽ മരം കടപുഴകി വീണു. തൈക്കാട്, മുടവൻമുകുൾ, വഴുതക്കാട്, തിരുമല ഭാഗങ്ങളിൽ മരം വീണ് ഗതാഗതം തടസപ്പെട്ടു. ഫയർഫോഴ് സെത്തി ഏറെ നേരം പണിപ്പെട്ടാണ് മരങ്ങൾ മുറിച്ചു മാറ്റിയത്. ഇന്നലെയും നഗരത്തിൻറെ വിവിധയിടങ്ങളിൽ മരം വീണ് ഗതാഗതം തടസപ്പെടുകയും വൈദ്യുതി ബന്ധം താറുമാറാകുകയും ചെയ്തിട്ടുണ്ട്. അതേസമയം, നഗരസഭ പരിധിയിൽ മഴ തുടരുന്ന സാഹചര്യത്തിൽ വിവിധ ഭാഗങ്ങളിൽ ഉണ്ടായ വെള്ളക്കെട്ട് നഗരസഭ ജീവനക്കാർ ഇടപെട്ട് പരിഹരിച്ചു.

എസ്റ്റേറ്റ് ഹൈസ്കൂൾ റോഡ്, കരിക്കകം വെൺപാലവട്ടം, പുഞ്ചക്കരി മേനിലം എന്നീ സ്ഥലങ്ങളിൽ മരങ്ങൾ കടപുഴകിയുണ്ടായ മാർഗതടസം പൂർണമായി പരിഹരിച്ചു. തന്പുരാൻമുക്ക്, പൂനംകുളം കള്ള്ഷാപ്പ് റോഡ്, തിരുവല്ലം കെഎസ്ഇബി റോഡ്, ചെല്ലമംഗലം സൊസൈറ്റി റോഡ് എന്നിവിടങ്ങളിൽ മതിൽ ഇടിഞ്ഞുവീണുണ്ടായ തടസങ്ങളും പരിഹരിച്ചു. നഗരസഭ നടപ്പിലാക്കേണ്ട മഴക്കാലപൂർവ ശുചീകരണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ വൈകിയതാണ് നഗരത്തിൽ കനത്ത വെള്ളക്കെട്ടിന് ഇടയാക്കിയതെന്നാണ് നഗരവാസികളുടെ പരാതി.

# വോട്ടിംഗ് യന്ത്രം നശിപ്പിച്ച സംഭവം; എംഎൽഎ ഒളിവിൽ, അന്വേഷണം ഊർജിതം

അമരാവതി: ലോക്സഭാ തെരഞ്ഞെടുപ്പ് വോട്ടെടുപ്പിനിടെ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം (ഇവിഎം) കേടുവരുത്തിയ വൈഎസ്ആർസിപി എംഎൽഎയായ പി. രാമകൃഷ്ണ റെഡ്ഡിക്കായി പോലീസ് അന്വേഷണം ഊർജിതമാക്കി.

രാമകൃഷ്ണ റെഡ്ഢിയുടെ വസതിയിൽ പോലീസ് സംഘം പരിശോധന നടത്തിയെങ്കിലും അദ്ദേഹത്തെ കണ്ടെത്താനായില്ലെന്ന് ആന്ധ്രാപ്രദേശ് ചീഫ് ഇലക്ടറൽ ഓഫീസർ (സിഇഒ) മുകേഷ് കുമാർ മീണ പറഞ്ഞു. മേയ് 13ന് നടന്ന വോട്ടെടുപ്പിലാണ് മച്ചേർള നിയോജക മണ്ഡലം സ്ഥാനാർത്ഥിയായ രാമകൃഷ്ണ റെഡ്ഢി ഒരു പോളിംഗ് സ്റ്റേഷനിൽ അതിക്രമിച്ചു കയറി ഇവിഎം നശിപ്പിച്ചത്.

അക്രമസംഭവങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപിച്ച വെബ് കാമറയിൽ പതിഞ്ഞതോടെ സംഭവം വിവാദമായി. എംഎൽഎയ്ക്കെതിരേ കർശന നടപടിയെടുക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ആന്ധ്രാപ്രദേശ് പോലീസ് മേധാവി ഹരീഷ് കുമാർ ഗുപ്തയോട് ചൊവ്വാഴ്ച നിർദ്ദേശിച്ചിരുന്നു. വോട്ടെടുപ്പ് ദിവസം മച്ചേർള നിയോജക മണ്ഡലത്തിൽ മാത്രം ഏഴ് പോളിംഗ് സ്റ്റേഷനുകളിൽ ഇവിഎമ്മുകൾ കേടായതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

അതേസമയം, എംഎൽഎയുടെ വാഹനവ്യൂഹം ഹൈദരാബാദിൻറെ പ്രാന്തപ്രദേശത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

## മഴക്കെടുതി ; തദ്ദേശസ്വയംഭരണ വകുപ്പിൽ കൺട്രോൾ റൂം

സംസ്ഥാനത്ത് മഴയെ തുടർന്ന് പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചത്. 0471 2317214 ആണ് നമ്പർ.

മഴയെ തുടർന്ന് രൂപപ്പെട്ട വെള്ളക്കെട്ടുകൾ, പെട്ടെന്നുണ്ടായ പകർച്ചവ്യാധികൾ മറ്റ് ബുദ്ധിമുട്ടുകൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഈ നമ്പറിൽ വിളിച്ച് അറിയിക്കാവുന്നതാണ്. പൊതുജനങ്ങൾ ഈ സേവനം പരമാവധി ഉപയോഗപ്പെടുത്തണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എം.ജി. രാജമാണിക്യം അഭ്യർത്ഥിച്ചു.

## ഡിപ്ലോമ ഇൻ ഫയർ ആൻഡ് സേഫ്റ്റി

ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ യിൽ ഐ.എം.സിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഒരു വർഷ ഡിപ്ലോമ ഇൻ ഫയർ ആൻഡ് സേഫ്റ്റി കോഴ്സിന് അഡ്മിഷൻ ആരംഭിച്ചു. S-S-L-C,+2 യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ: 919020920920

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# യൂക്കാലിപ്റ്റ്സ് നടീൽ: ഉത്തരവ് റദ്ദാക്കിയത് നിൽക്കക്കള്ളിയില്ലാതെ

കൽപ്പറ്റ: കേരള വനം വികസന കോർപറേഷൻറെ തോട്ടങ്ങളിൽ യൂക്കാലിപ്റ്റ്സ് നട്ടുപിടിപ്പിക്കുന്നതിന് അനുമതി നൽകുന്ന ഉത്തരവ് വനം പ്രിൻസിപ്പൽ സെക്രട്ടറി റദ്ദാക്കിയത് നിൽക്കക്കള്ളിയില്ലാതെ. പരിസ്ഥിതി സംഘടനകളും മാധ്യമങ്ങളും ചെലുത്തിയ ശക്തമായ സമ്മർദമാണ് ഉത്തരവ് റദ്ദാക്കുന്നതിലേക്ക് സർക്കാരിനെ നയിച്ചത്.

ഉത്തരവ് മരവിപ്പിച്ച് എതിർപ്പുകൾ തത്കാലം തണുപ്പിക്കാനുള്ള നീക്കം വിലപ്പോകില്ലെന്നു കണ്ടപ്പോഴാണ് ഉത്തരവ് റദ്ദാക്കാൻ ബന്ധപ്പെട്ടവർ തയാറായത്. ഉത്തരവ് റദ്ദാക്കുന്നതിനു കാന്പയിൻ നടത്താനും മുഖ്യമന്ത്രി, വനം മന്ത്രി, വനം പ്രിൻസിപ്പൽ സെക്രട്ടറി, പിസിസിഎഫ് എന്നിവർക്ക് പരാതി നൽകാനും വയനാട് പ്രകൃതി സംരക്ഷണ സമിതി ഉൾപ്പെടെ സംസ്ഥാനത്തെ പരിസ്ഥിതി സംഘടനകൾ തീരുമാനിച്ചിരുന്നു.

കേരള വനം വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടറുടെ 2023 ജനുവരി 22ലെയും 2024 ജനുവരി 15ലെയും ഫെബ്രുവരി 20ലെയും കത്തുകളുടെ അടിസ്ഥാനത്തിലാണ് കോർപറേഷൻറെ തോട്ടങ്ങളിൽ അംഗീകൃത മാനേജ്മെൻറ് പ്ലാൻ കാലാവധി കഴിയുന്നതുവരെ(225 മാർച്ച് വരെ)യൂക്കാലിപ്റ്റ്സ് നട്ടുപിടിപ്പിക്കുന്നനു അനുവാദം നൽകിയത്.

ശക്തമായ ജനകീയ പ്രക്ഷോഭങ്ങളെത്തുടർന്ന് വയനാട്ടിലേതടക്കം വനഭൂമിയിൽ വർഷങ്ങൾ മുന്പ് നിർത്തിവച്ച യൂക്കാലിപ്റ്റ്സ് കൃഷി പുനരാരംഭിക്കുന്നത് കേരളത്തിലെ പരിസ്ഥിതിയെ ഒരു നൂറ്റാണ്ട് പിറകോട്ടു കൊണ്ടുപോകുമെന്ന വാദം ഉയർത്തിയാണ് പ്രകൃതി സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ പ്രതിരോധം ഉയർത്തിയത്.

വനം വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനു 1988ലെ ദേശീയ വന നയം അനുസരിച്ച് അനുവാദമില്ല. യൂക്കാലിപ്റ്റ്സും അതുപോലുള്ള വിദേശ വൃക്ഷ ഇനങ്ങളും കാട്ടിൽ നട്ടുവളർത്തുന്നതിനെ 2021 ലെ കേരള വന നയവും വിലക്കുന്നുണ്ട്. എന്നിരിക്കേ യൂക്കാലിപ്റ്റ്സ് കൃഷിക്ക് കേരള വനം വികസന കോർപറേഷന് അനുവാദം നൽകി ഉത്തരവിറങ്ങിയത് അദ്ഭുതപ്പെടുത്തുന്നതാണെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രസിഡൻറ് എൻ. ബാദുഷയും സെക്രട്ടറി തോമസ് അന്പലവയലും പറഞ്ഞു.

വനത്തിലെ ഏകവിളത്തോട്ടങ്ങളുടെ ആധിക്യത്തെയാണ് വയനാട് ഉൾപ്പെടെ ജില്ലകളിൽ വനാതിർത്തി പ്രദേശങ്ങളിൽ മനുഷ്യവന്യജീവി സംഘർഷം വർധിച്ചതിൻറെ കാരണങ്ങളിലൊന്നായി പരിസ്ഥിതി രംഗത്തെ വിദഗ്ധർ വിലയിരുത്തുന്നത്. മണ്ണിൽനിന്നു വർധിച്ച അളവിൽ വെള്ളം വലിച്ചെടുക്കുന്ന വൃക്ഷ ഇനമാണ് യൂക്കാലിപ്റ്റസ്. സ്വാഭാവിക വനങ്ങളിലും ചേർന്നു കിടക്കുന്ന ഗ്രാമങ്ങളിലും ചതുപ്പുകൾ ഇല്ലാതാകുന്നതിനും നദികളുടെ കൈവഴികൾ വറ്റുന്നതിനും യൂക്കാലിപ്റ്റ്സ് കൃഷിയും കാരണമാണ്.

വന്യജീവികളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്കായി ജനം മുറവിളി കൂട്ടുകയാണ്. എന്നിരിക്കേ യൂക്കാലിപ്റ്റസ് കൃഷി അനുവദിച്ച് വനം വകുപ്പ് ഉത്തരവിറക്കിയത് ധിക്കാരവും ജനങ്ങളോടുള്ള വെല്ലുവിളിയുമാണെന്ന അഭിപ്രായം പൊതുവെ ഉയർന്നിരുന്നു.

# രാജീവ് ഗാന്ധി രക്തസാക്ഷിത്വ ദിനാചരണം നടത്തി

കൽപ്പറ്റ: വയനാട് ഡിസിസിയിൽ ചേർന്ന 33 ാം രാജീവ് ഗാന്ധി രക്തസാക്ഷിത്വ ദിനം ഡിസിസി പ്രസിഡൻറ് എൻ. ഡി. അപ്പച്ചൻ ഉദ്ഘാടനം ചെയ്തു. സാങ്കേതിക യുഗത്തിലേക്ക് കൈപിടിച്ചുയർത്തിയ, ആഭ്യന്തര സുരക്ഷ ഉറപ്പാക്കിയ, ആണവ നിരായുധീകരണത്തിന് കർമ്മ പദ്ധതികൾ അവതരിപ്പിച്ച ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്നു രാജീവ് ഗാന്ധിയെന്ന് അദ്ദേഹം ഓർമപ്പെടുത്തി. യോഗത്തിൽ കെ. വി. പോക്കർഹാജി, ഒ. വി. അപ്പച്ചൻ, വി. എ. മജീദ്, പി. ശോഭനകുമാരി, ജി. വിജയമ്മ, പോൾസൺ കൂവക്കൽ, ഗിരീഷ് കൽപ്പറ്റ, സി. സുരേഷ് ബാബു, ബെന്നി അരിഞ്ചേർമല, ഡിൻറോ ജോസ്, ഇ. വി. ഏബ്രഹാം, സുന്ദർരാജ് എടപ്പെട്ടി എന്നിവർ പങ്കെടുത്തു.

പുൽപ്പള്ളി: മുൻ പ്രധാനമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന രാജീവ് ഗാന്ധിയുടെ 33ാം രക്തസാക്ഷിത്വ വാർഷികത്തോടനുബന്ധിച്ച് കോൺഗ്രസ് പുൽപ്പള്ളി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ രാജീവ് ഭവനിൽ അനുസ്മരണം നടത്തി. ഡിസിസി ജനറൽ സെക്രട്ടറി എൻ. യു. ഉലഹന്നാൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡൻറ് പി. ഡി. ജോണി അധ്യക്ഷത വഹിച്ചു. സി. പി. കുര്യാക്കോസ്, ടി. പി. ശശിധരൻ, ജോമറ്റ് കോതവഴിക്കൽ, മുരളി പുറത്തൂട്ട്, കുര്യാച്ചൻ വട്ടക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. കൽപ്പറ്റ: അതിവേഗം വളരുന്ന ലോകത്ത് ഭാരതത്തിൻറെ തീരാനഷ്ടമാണ് രാജീവ് ഗാന്ധിയുടെ വിയോഗമെന്ന് കെപിസിസി അംഗം പി. പി. ആലി. ലോകത്തിലെ വന്പൻ രാജ്യങ്ങൾക്ക് മുൻപേ ഇന്ത്യയെ വിവരസാങ്കേതിക വിദ്യയിൽ മുന്നിലെത്തിക്കാൻ സ്വപ്നം കണ്ട മികച്ച ഭരണാധികാരിയായിരുന്നു മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി.

മാനവ സംരക്ഷണത്തിനു ഊന്നിയ വികസനമാണ് യഥാർത്ഥ കാഴ്ചപ്പാടെന്ന് രാജ്യത്തെ പഠിപ്പിച്ച നേതാവായിരുന്നു അദ്ദേഹം. ഇന്ത്യക്കുവേണ്ടി ചിന്നിച്ചിതറേണ്ടി വന്ന രാഷ്ട്ര സ്നേഹിയാണ് രാജീവ് ഗാന്ധിയെന്നും അദ്ദേഹം പറഞ്ഞു. യൂത്ത് കോൺഗ്രസ് കൽപ്പറ്റ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച രാജീവ് ഗാന്ധി അനുസ്മരണ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് മുഹമ്മദ് ഫെബിൻ അനുസ്മരണ യോഗത്തിൽ അധ്യക്ഷതവഹിച്ചു. യൂത്ത് കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി ഹർഷൽ കോന്നാടൻ, കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് ഗിരീഷ് കൽപ്പറ്റ, യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡൻറ് ഡിൻറോ ജോസ്, കെഎസ്‌യു ജില്ലാ സെക്രട്ടറി അർജുൻ ദാസ്, ഷനൂബ്, സുബൈർ ഓണിവയൽ, ഷാഹുൽ കൽപ്പറ്റ തുടങ്ങിയവർ പ്രസംഗിച്ചു. ഗൂഡല്ലൂർ: മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ 33ാമത് ചരമ വാർഷിക ദിനത്തോട് അനുബന്ധിച്ച് കോൺഗ്രസിൻറെ ആഭിമുഖ്യത്തിൽ നീലഗിരി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചു. പന്തല്ലൂർ താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാട്ടവയൽ കോൺഗ്രസ് ഭവനിൽ നടന്ന പരിപാടി സംസ്ഥാന കമ്മിറ്റി അംഗം എൻ. എ. അഷ്റഫ് ഉദ്ഘാടനം ചെയ്തു. പന്തല്ലൂർ താലൂക്ക് പ്രസിഡൻറ് എം. കെ. രവി അധ്യക്ഷത വഹിച്ചു.

എം. ഡി. മൈക്കിൾ, ഉണ്ണികമ്മു, ജോസ്കുട്ടി, കെ. യു. അഷ്റഫ്, എൻ. ഐ. കുര്യാക്കോസ്, കെ. അഷ്റഫ് എന്നിവർ പ്രസംഗിച്ചു. ഗൂഡല്ലൂർ താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഗൂഡല്ലൂർ ഗാന്ധി മൈതാനിയിൽ നടന്ന പരിപാടിയിൽ താലൂക്ക് പ്രസിഡൻറ് കെ. ഹംസ അധ്യക്ഷത വഹിച്ചു. ഗൂഡല്ലൂർ നഗരസഭാ വൈസ് ചെയർമാൻ ശിവരാജ്, മണ്ഡപം ഷാജി, സുൽഫിക്കർ അലി, യാസീൻ എന്നിവർ പ്രസംഗിച്ചു.

# ബീച്ച് കോറിഡോർ പദ്ധതി: നിർവഹണ ഏജൻസി മുങ്ങി, ഒപ്പം പദ്ധതിയും

വൈപ്പിൻ: മണ്ഡലത്തിലെ ബീച്ചുകളെ കോർത്തിണക്കി ടൂറിസം ഹബ്ബാക്കി മാറ്റുന്ന ബീച്ച് കോറിഡോർ പദ്ധതി മുടങ്ങി. 2017ൽ പ്രഖ്യാപിച്ച പദ്ധതി എങ്ങുമെത്താതെ ശൈശവ ദശയിൽ തന്നെ മുരടിക്കുകയായിരുന്നു. പുതുവൈപ്പ്, എളങ്കുന്നപ്പുഴ ചാപ്പ, ഞാറക്കൽ ആറാട്ടുവഴി, നായരമ്പലം വെളിയത്ത് പറമ്പ്, എടവനക്കാട് ചാത്തങ്ങാട്, കുഴുപ്പിള്ളി, രക്ഷേശ്വരി, ചെറായി, മുനമ്പം ബീച്ചുകളാണ് പദ്ധതിയിൻ കീഴിൽ ഉണ്ടായിരുന്നത്. 4.5 കോടിയുടെ പദ്ധതിയിൽ മേൽ പറഞ്ഞ ബീച്ചുകളുടെ അടിസ്ഥാന വികസനമാണ് ലക്ഷ്യമിട്ടിരുന്നത്. വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവരെ ആകർഷിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ പദ്ധതി നടത്തിപ്പിനായി നിർവഹണ ഏജൻസിയെ ഏൽപ്പിച്ചെങ്കിലും പ്രാരംഭ നടപടികൾ മാത്രമാണ് ഇവർ ചെയ്തത്. തീരദേശ പരിപാലന നിയമത്തിൻറെ പേരിൽ ഇവർക്ക് മറ്റു കാര്യങ്ങൾ ചെയ്യാനാകാതെ വന്നു. ഒപ്പം ടൂറിസം വകുപ്പിൻറെ കെടുകാര്യസ്ഥതയും കൂടിയായപ്പോൾ ഏജൻസി പാതിവഴിയിൽ പദ്ധതി ഉപേക്ഷിച്ചു മുങ്ങുകയായിരുന്നു.

ഇതിനു ശേഷം ഒന്നര വർഷം മുമ്പ് വിഷയം കെ. എൻ. ഉണ്ണികൃഷ്ണൻ എംഎൽഎ നിയമസഭയിൽ അവതരിപ്പിച്ചതിനെതുടർന്ന് ടൂറിസം മന്ത്രി ഇപെടുകയും പദ്ധതി നേരിടുന്ന തടസങ്ങൾ തീർക്കുന്നതിന് നടപടികൾ ഉണ്ടാകുമെന്ന് ഉറപ്പു നൽകുകയും ചെയ്തിരുന്നു. ഇതിൻറെ ഭാഗമായി നിലവിലെ നിർവഹണ ഏജൻസിയെ മാറ്റി പുതിയ ഏജൻസിയെ നിശ്ചയിക്കാൻ എറണാകുളം ജില്ല ഡെപ്യൂട്ടി ഡയറക്ടറോട് ടൂറിസം ഡയറക്ടർ നിർദേശിച്ചിട്ടുണ്ടെന്നും മന്ത്രി അന്ന് ഉറപ്പു നൽകിയതാണ്.

തീരദേശ നിയമത്തിൻറെ പരിധിയിൽ വരുന്ന ഘടകങ്ങളെ ഒഴിവാക്കി പദ്ധതിയുമായി മുന്നോട്ടുപോകുമെന്നും മന്ത്രി അറിയിച്ചിരുന്നു. ഇതിനായി ഏജൻസിയുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഉടൻ യോഗം ചേരുമെന്നു മന്ത്രി ഉറപ്പുനൽകിയിട്ടും നാളിതുവരെയായി യോഗം നടന്നിട്ടില്ല. മാത്രമല്ല പദ്ധതി സംബന്ധിച്ച് ഇപ്പോൾ യാതൊരു വിവരമുമില്ല.

# മിഷൻ 1000 പദ്ധതിയിലേക്ക് ജില്ലയിൽ നിന്ന് 12 യൂണിറ്റുകൾ; ലക്ഷ്യം 100 കോടി വിറ്റുവരവ്

കോഴിക്കോട്: സംസ്ഥാന സർക്കാരിൻറെ കീഴിൽ നടപ്പാക്കുന്ന മിഷൻ 1000 പദ്ധതിയിലേക്ക് ജില്ലയിൽ നിന്ന് തെരഞ്ഞെടുത്തത് 12 യൂണിറ്റുകൾ. 202324 സാമ്പത്തിക വർഷത്തിൽ തുടങ്ങി നാല് വർഷം ആകുമ്പോഴേക്കും യൂണിറ്റുകളുടെ വിറ്റുവരവ് 100 കോടി രൂപയാക്കി വർധിപ്പിക്കുക എന്നതാണ് ലക്ഷ്യം.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് നിന്ന് തെരഞ്ഞെടുത്ത 149 സംരംഭങ്ങളിലാണ് ജില്ലയിൽ നിന്നുള്ള 12 സംരംഭങ്ങൾ ഉൾപ്പെടുന്നത്. കോഴിക്കോട് താലൂക്കിൽ നിന്ന് അഞ്ച്, കൊയിലാണ്ടി താലൂക്കിൽ നിന്ന് ആറ്, വടകര താലൂക്കിൽ നിന്ന് ഒന്ന് എന്നിങ്ങനെയാണ് യൂണിറ്റുകൾ.

മൂന്ന് ഭക്ഷ്യോത്പന്ന നിർമാണ യൂണിറ്റ്, രണ്ട് ഫാബ്രിക്കേറ്റഡ് മെറ്റൽ ഉത്പന്ന നിർമാണ യൂണിറ്റ്, രണ്ട് ഫാർമസ്യൂട്ടിക്കൽസ് നിർമാണ യൂണിറ്റ്, ഒന്ന് വീതം ഫർണിച്ചർ നിർമാണ യൂണിറ്റ്, പാദരക്ഷ നിർമാണ യൂണിറ്റ്, കരിക്കിൽ നിന്നുള്ള പൾപ്പ് നിർമാണ യൂണിറ്റ്, മെഡിക്കൽ ഉപകരണങ്ങളുടെ നിർമാണ യൂണിറ്റ്, ലാബ് ഉപകരണങ്ങളുടെ നിർമാണ യൂണിറ്റ് എന്നിവയാണ് സംരംഭങ്ങൾ.

പദ്ധതിയിൽ പുതുതായി സംരംഭങ്ങൾ ആരംഭിക്കുന്നതിനോടൊപ്പം നിലവിലുള്ള സംരംഭങ്ങളുടെ സുസ്ഥിരമായ വികസനവും നിലനിൽപ്പും ഉറപ്പാക്കുക എന്ന ലക്ഷ്യവുമായി സംസ്ഥാനതലത്തിൽ ആരംഭിച്ച പദ്ധതിയാണ് കേരള മിഷൻ 1000. കേരളത്തിൽ ആകെ 1000 സംരംഭങ്ങളെ തെരഞ്ഞെടുത്ത് അവയുടെ വാർഷിക വിറ്റുവരവ് ശതകോടികളാക്കി ഉയർത്തുക എന്നതാണ് ഉദ്ദേശ്യം.

സംരംഭങ്ങൾക്ക് നിലവിലുള്ള നിക്ഷേപത്തിന് പുറമേ വിപുലീകരണമോ ആധുനികവൽക്കരണമോ വൈവിധ്യവൽക്കരണമോ പദ്ധതി മുഖേന നടപ്പാക്കാം. മിഷൻ 1000 ൻറെ ഭാഗമായിട്ടുള്ള യൂണിറ്റുകൾ ആരംഭിച്ച് നാലു വർഷക്കാലയളവിനുള്ളിൽ പൂർത്തിയാക്കുകയും ഓരോ ഘട്ടങ്ങളിലുമായി സർക്കാരിൻറെ സാമ്പത്തിക സഹായം നേടാവുന്നതുമാണ്.

ഇപ്രകാരമുള്ള സംരംഭങ്ങൾക്ക് പദ്ധതി രേഖ തയാറാക്കുന്നതിന് ഒരു ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകും.

ജില്ലയിൽ നിന്നും ഇതുവരെ തെരഞ്ഞെടുത്ത 12 യൂണിറ്റുകളിലായി നിലവിൽ ആകെ 15.5 കോടി രൂപ നിക്ഷേപമുണ്ട്. പദ്ധതി നടപ്പാക്കുന്നതിൻറെ ഭാഗമായി ഈ നിക്ഷേപം 50 കോടി രൂപയിലേക്ക് ഉയരും എന്നാണ് പ്രതീക്ഷിക്കുന്നത്.

## പഞ്ചായത്തിൻറെ നേതൃത്വത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി

കൂരാച്ചുണ്ട്: പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശം (ഇഎസ്എ)നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ചക്കിട്ടപാറ വില്ലേജിലും കൂരാച്ചുണ്ട് പഞ്ചായത്തിലും ഉൾപ്പെട്ട വനം വകുപ്പിൻറെയും ഇറിഗേഷൻറെയും കൈവശമുള്ള ഭൂമിയിൽ കൂരാച്ചുണ്ട് പഞ്ചായത്ത് ഭരണസമിതിയുടെയും വില്ലേജ് ഫോറസ്റ്റ് കെഎസ്ഇബി ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ പരിശോധന നടത്തി.

ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ പ്രകാരം ജനവാസ മേഖലകളെ പൂർണമായും ഒഴിവാക്കിക്കൊണ്ടുള്ള ഫീൽഡ് പരിശോധനയാണ് നടന്നത്. ജലസേചന വകുപ്പിൻറെ തോണിക്കടവ് മേഖലയും കക്കയത്തുള്ള വനംവകുപ്പിൻറെ കെഎസ്ഇബിയോട് ചേർന്ന് കിടക്കുന്ന വനമേഖലയുമാണ് ഇതിലുൾപ്പെട്ടിട്ടുള്ളത്.

ചക്കിട്ടപാറ വില്ലേജിലെ 539,902,911,912 എന്നീ സർവേ നമ്പറുകൾ ഉൾപ്പെട്ട പ്രദേശമാണ് പശ്ചിമഘട്ട പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെട്ടിട്ടുള്ളത്. പരിശോധനയിൽ പഞ്ചായത്ത് പ്രസിഡൻറ് പോളി കാരക്കട, സ്ഥിരം സമിതിയംഗങ്ങളായ ഒ. കെ. അമ്മദ്, ഡാർളി ഏബ്രഹാം, മെമ്പർമാരായ വിൻസി തോമസ്, അരുൺ ജോസ്, ജെസി കരിമ്പനയ്ക്കൽ, പഞ്ചായത്ത് സെക്രട്ടറി ഇ. ഷാനവാസ്, ജൂനിയർ സൂപ്രണ്ടൻറ് മനിൽ കുമാർ, ഡെപ്യൂട്ടി ഫോറസ്റ്റ് റെയിഞ്ചർമാരായ വിജിത്ത്, ബൈജുനാഥ്, വില്ലേജ് ഓഫീസർ ഹരിദാസ്, കെഎസ്ഇബി ഉദ്യോഗസ്ഥനായ ബോസിലാൽ, ടെക്നിക്കൽ അസിസ്റ്റൻറ് ജിതിൻ കാന്ത്, ജിമ്മി വല്ലയിൽ, ഡാർവിൻ മലേപ്പറമ്പിൽ, ബേബി തേക്കാനം, ജോൺ വേമ്പുവിള എന്നിവർ പങ്കെടുത്തു.

## കാറ്റിലും മഴയിലും വൈദ്യുതി ലൈനുകൾ പൊട്ടി വീണു; ഗതാഗതം തടസപ്പെട്ടു

കണ്ണൂർ: ഇന്നലെ രാത്രിയുണ്ടായ ശക്തമായ മഴയിൽ നഗരത്തിൻറെ വിവിധ പ്രദേശങ്ങളിൽ മരം വീണ് വൈദ്യുതി ലൈൻ പൊട്ടി വീഴുകയും ഗതാഗതം തടസപ്പെടുകയും ചെയ്തു. കണ്ണൂർ ഫയർ ഫോഴ്സിന് സന്ധ്യമുതൽ ഓട്ടത്തോട് ഓട്ടമായിരിരുന്നു. കണ്ണൂർ നായനാർ അക്കാഡമിക്ക് സമീപം കാറിനുമുകളിൽ മരം വീണു. കാർ ഭാഗികമായി തകർന്നു. അഗ്നിരക്ഷാസേനയെത്തി മരം മുറിച്ചുമാറ്റി.

കാറ്റിലും മഴയിലും കൂറ്റൻമരത്തിൻറെ കൊമ്പ് വീണ് കണ്ണൂർ കൊയ്‌ലി ആശുപത്രിക്ക് സമീപം കാടൻപീടിക റോഡിലെ കെ. കെ. ഗൗതമിൻറെ വീടിൻറെ മുകളിലെ നിലയിലെ കൈവരിയും വീട്ടുമതിലും ഭാഗികമായി തകർന്നു. ഗതാഗത തടസവും അനുഭവപ്പെട്ടു.

ചെട്ടിപ്പീടികയിൽ കാർ നിയന്ത്രണം തെറ്റി ഡിവൈഡറിലേക്ക് കയറി അപകടം ഉണ്ടായി. മെഡ്സിറ്റിയ്ക്ക് സമീപം ചൊവ്വാഴ്ച രാത്രി 11നാണ് അപകടം. തളിപ്പറമ്പ് ഭാഗത്തുനിന്ന് കണ്ണൂരിലേക്ക് വരികയായിരുന്ന കാറാണ് അപകടത്തിൽപ്പെട്ടത്. പള്ളിക്കുന്ന് ജയ് ജവാൻ റോഡിൽ മരം വീണ് വൈദ്യുതി തകരാറിലാകുകയും ഗതാഗതം തടസപെടുകയും ചെയ്തു. വീട്ടുമുറ്റത്ത് നിന്ന മാവിൻറെ ശിഖരം അടർന്ന് വീണതാണ്.

രാഷ്ട്രദീപിക റോഡിൽ മരം വീണ് വൈദ്യുതി ലൈൻ പൊട്ടി. പനങ്കാവ് അമൃതാനന്ദമയി മഠത്തിനു സമീപം മരം വീണ് ലൈൻ പൊട്ടുകയും ഗതാഗതം സ്തംഭിക്കുകയും ചെയ്തു. അത്താഴക്കുന്ന് ഭാഗത്ത് തെങ്ങ് വീണ് പ്രധാന ലൈൻ പൊട്ടി വൈദ്യുതി ബന്ധം തകരാറിലാകുകയും ഗതാഗതം തടസപ്പെടുകയും ചെയ്തു. രാത്രിയോടെ വൈദ്യുതി പുനഃസ്ഥാപിച്ചു.

# പതിനഞ്ചുകാരനെ കണ്ടെത്താൻ ക്രൈംബ്രാഞ്ച് അന്വേഷണം ആവശ്യപ്പെട്ട് ബന്ധുക്കൾ

തിരുവല്ല: തിരുവല്ലയിലെ ചുമത്രയിൽനിന്നു രണ്ടാഴ്ച മുന്പ് കാണാതായ പതിനഞ്ചുകാരനെ കണ്ടെത്താൻ ക്രൈംബ്രാഞ്ച് അന്വേഷണം വേണമെന്ന ആവശ്യവുമായി വീട്ടുകാർ. എസ്എസ്എൽസി ഫലം അറിയുന്നതിൻറെ തലേ ദിവസമായ കഴിഞ്ഞ ഏഴിന് ഉച്ചയ്ക്ക് ഒന്നോടെയാണ് ചുമത്ര പന്നിത്തടത്തിൽ ഷാൻ ജെയിംസ് (ലല്ലു 15) വീടുവിട്ട് ഇറങ്ങിയത്.

'ഞാൻ പോവുകയാണ് എന്നും എന്നെ ആരും അന്വേഷിക്കരുത്' എന്നും കത്തെഴുതവച്ച ശേഷമാണ് ലല്ലു വീടു വിട്ടതെന്ന് പറയുന്നു. തിരുവല്ല നഗരസഭയിലെ മുൻ കൗൺസിലറായ മുത്തശി കെ. കെ. സാറാമ്മയ്ക്ക് ഒപ്പമാണ് കുട്ടി കഴിഞ്ഞിരുന്നത്. കുട്ടിയുടെ രണ്ടാം വയസിൽ മാതാവ് മരിച്ചു. പിതാവ് ജെയിംസ് ജോലി സംബന്ധമായി തിരുവനന്തപുരത്താണ് താമസം.

കുട്ടിയെ കാണാതായ ദിവസം തന്നെ പരാതി നൽകിയെങ്കിലും നാലാം ദിവസമാണ് പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചതെന്നും സാറാമ്മ പറയുന്നു. അതിൽനിന്നും കുട്ടി രണ്ടു കിലോമീറ്ററോളം നടന്ന് മല്ലപ്പള്ളിതിരുവല്ല റോഡിൽ എത്തി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ എത്തിയതായ സിസിടിവി ദൃശ്യങ്ങൾ ലഭിച്ചു. തുടർന്ന് ഡിവൈഎസ്പി എസ്. അഷാദിൻറെ നിർദേശപ്രകാരം സിഐ ബി. കെ. സുനിൽ കൃഷ്ണൻറെ നേതൃത്വത്തിലുള്ള പ്രത്യേകസംഘം നടത്തിയ അന്വേഷണത്തിൽ തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ കുട്ടി ഇറങ്ങിയതായ ദൃശ്യങ്ങളും ലഭിച്ചു. ഞായറാഴ്ച വൈകുന്നേരം തിരുവനന്തപുരം തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽനിന്നും കുട്ടി ചെന്നൈ മെയിലിൽ കയറിയതായ വിവരങ്ങളും പോലീസിന് ലഭിച്ചിട്ടുണ്ട്. എന്നാൽ, കുട്ടി പിന്നീട് എവിടേക്ക് പോയി എന്നത് സംബന്ധിച്ച് വ്യക്തതയില്ല.

എസ്എസ്എൽസി മോഡൽ പരീക്ഷയ്ക്ക് മാർക്ക് കുറവായതിന് മുത്തശിയായ സാറാമ്മ കുട്ടിയെ ശകാരിച്ചിരുന്നു. പ്രധാന പരീക്ഷയ്ക്ക് മാർക്ക് കുറയും എന്ന ഭയമായിരിക്കാം കുട്ടി വീടുവിട്ടു പോകാൻ കാരണം എന്നാണ് വീട്ടുകാർ പറയുന്നത്.

അതേസമയം ഫലം വന്നപ്പോൾ ലല്ലുവിന് ഒമ്പത് എ പ്ലസും ഒരു എ ഗ്രേഡും ലഭിച്ചിരുന്നു. മൊബൈൽ ഫോൺ ഉപയോഗിക്കാത്തതും സിസിടിവി കാമറകൾ ഒഴിവാക്കി സഞ്ചരിക്കുന്നതും കുട്ടിയെ കണ്ടെത്തുന്നതിനുള്ള അന്വേഷണത്തെ കാര്യമായി ബാധിക്കുന്നുണ്ടെന്ന് ഡിവൈഎസ്പി എസ്. അഷാദ് പറഞ്ഞു.

# റോഡ് നന്നാക്കിയില്ല; ഉദ്യോഗസ്ഥരെ പഞ്ചായത്ത് ഓഫീസിൽ പൂട്ടിയിട്ടു

താമരശേരി: കട്ടിപ്പാറയിൽ ചർച്ചക്കായി വന്ന ജൽജീവൻ ഉദ്യോഗസ്ഥ സംഘത്തെ പഞ്ചായത്ത് ഭരണസമിതി മീറ്റിംഗ് റൂമിലാക്കി പൂട്ടിയിട്ടു. ജൽജീവൻ മിഷൻ പദ്ധതികൾക്ക് പൈപ്പുകൾ സ്ഥാപിക്കുവാൻ പഞ്ചായത്തിലെ മിക്ക വാർഡിലെയും റോഡുകൾ 2022 മുതൽ വെട്ടിപൊളിച്ചിട്ടിട്ടും അറ്റകുറ്റപ്പണി നടത്തിയിട്ടില്ല.റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ പൂർത്തികരണത്തിന് പല ചർച്ചകളും യോഗങ്ങളും നടന്നെങ്കിലും റോഡുകൾ ഇതുവരെ ഗതാഗത യോഗ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പ്രസിഡൻറ് പ്രേംജി ജെയിംസ് വിഷയം ഗൗരവമായി കണ്ട് എത്രയും വേഗം പൂർത്തികരിക്കണമെന്നാവശ്യപ്പെട്ടപ്പോൾ ചർച്ചയിൽ സംസാരിച്ച അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഉത്തരവാദിത്വം ഏൽക്കാൻ കഴിയില്ലെന്ന് അറിയിച്ചതാണ് പഞ്ചായത്ത് ഭരണസമിതി അംഗങ്ങളെ പ്രകോപിപ്പിച്ചത്.

ഇതേ തുടർന്ന് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഉൾപ്പെടെയുള്ള ജല അഥോറിറ്റി ജീവനക്കാരെ ഭരണസമിതി അംഗങ്ങൾ മീറ്റിംഗ് റൂമിലാക്കി പൂട്ടുകയായിരുന്നു. വിഷയം ലഘൂകരിച്ച് കാണുന്ന ഉദ്യോഗസ്ഥ സംഘത്തിൻറെ നടപടി ധിക്കരപരമാണെന്ന് പഞ്ചായത്ത് ഭരണസമിതി ആരോപിച്ചു.

നാളെ എക്സിക്യൂട്ടീവ് എൻജിനീയർ, കോൺട്രാക്ടർ എന്നിവരെ വിളിച്ചുവരുത്തി കാര്യങ്ങൾ ചർച്ച ചെയ്ത് റോഡ് പ്രവൃത്തി എത്രയും പെട്ടെന്ന് തീർക്കാമെന്ന ധാരണയിൽ തടഞ്ഞുവച്ചവരെ മോചിപ്പിച്ചു.

# വടക്കഞ്ചേരി പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പിൻറെ മിന്നൽ പരിശോധന

വടക്കഞ്ചേരി: വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുള്ള 44 സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പ് മിന്നൽ പരിശോധന നടത്തി. ഹെൽത്ത് ഇൻസ്പെക്ടർ സജു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ അജീഷ്, സന്ധ്യ, രമ്യ, ശരണ്യ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്. ഹോട്ടലുകളിൽ നിന്നും പഴകിയ ഭക്ഷണ സാധനങ്ങൾ പിടിച്ചെടുത്ത് നശിപ്പിച്ചു. പുകവലി പാടില്ല എന്ന ബോർഡ് ഇല്ലാത്തതിനും പുകവലി പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ സിഗരറ്റ് ലൈറ്റർ പ്രദർശിപ്പിച്ചതിനും വിവിധ വകുപ്പുകളിലായി 5400 രൂപ പിഴ ഈടാക്കി.

ശുചിത്വത്തിന് നാല് ഹോട്ടലുകൾക്കു നോട്ടീസ് നൽകിയിട്ടുണ്ട്. പന്നിയങ്കര ടോൾ പ്ലാസക്കു സമീപത്തെ മാലിന്യങ്ങളും കച്ചവടക്കാരുടെ ചെലവിൽ നീക്കം ചെയ്തു. തുടർ ദിവസങ്ങളിലും പരിശോധന കർശനമാക്കുമെന്നു ആരോഗ്യ വകുപ്പ് അറിയിച്ചു.

## ഗസ്റ്റ് അധ്യാപക ഒഴിവ്

ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളജിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളതും കോളജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർഥികൾക്ക് മെയ് 30 ന് രാവിലെ 10 ന് കോളജിൽ വച്ച് നടക്കുന്ന അഭിമുഖത്തിൽ നേരിട്ട് പങ്കെടുക്കാം. യോഗ്യത തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും അഭിമുഖ സമയത്ത് ഹാജരാക്കണം.